25
2021
സെപ്റ്റംബർ
ശനി
1197
കന്നി 9


NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 160 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-160 | പേജ് 4. വില 2.00 രൂപ




02 ഡൽഹിയിൽ കോടതിക്കുള്ളിൽ വെടിവയ്പ്; മൂന്ന് മരണം

03 സ്കൂൾ തുറക്കാൻ കരട് മാർഗരേഖയായി

04 100 ദിന കർമ്മ പരിപാടി: 12 പദ്ധതികളുടെ ഉദ്ഘാടനം ഇന്ന്

# തീരദേശ കപ്പൽ സർവ്വീസ് വിഴിഞ്ഞത്തേക്ക് നീട്ടും: മന്ത്രി അഹമ്മദ് ദേവർകോവിൽ

തിരുവനന്തപുരം : അഴീക്കൽ, ബേപ്പൂർ, കൊച്ചി, കൊല്ലം തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന തീരദേശ കപ്പൽ സർവ്വീസ് വിഴിഞ്ഞം മൈനർ പോർട്ടിലേക്ക് നീട്ടുന്ന കാര്യം സർക്കാറിന്റെ പരിഗണനയിലുണ്ടെന്ന് തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ പറഞ്ഞു. മാരിടൈം കസ്റ്റംസ് ആൻഡ് ലോജിസ്റ്റിക്സ് രംഗത്ത് പ്രവർത്തിക്കുന്ന സംഘടനയായ എം ക്ലാറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മാരിടൈം ദിനാഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരള മാരിടൈം ബോർഡിന്റെയടക്കം സഹകരണത്തോടെ അഴീക്കൽ, ബേപ്പൂർ, കൊല്ലം തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായുള്ള പദ്ധതികൾ നടപ്പാക്കിവരികയാണ്. അഴീക്കലിൽ 3000 കോടി രൂപ മുതൽ മുടക്കിൽ ചെറുകിട തുറമുഖം സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ പുരോഗമിക്കുകയാണ്. ഡിപിആർ പൂർത്തിയാക്കി അടുത്തവർഷം മധ്യത്തോടെ തുറമുഖത്തിന് തറക്കല്ലിടാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തുറമുഖം യാഥാർഥ്യമായാൽ സംസ്ഥാനത്തിന്റെ 600 കിലോമീറ്ററോളം വരുന്ന തീരപ്രദേശവും ചരക്കുനീക്കത്തിന്റെ കേന്ദ്രമായി മാറുമെന്നും മന്ത്രി പറഞ്ഞു. റോട്ടർഡാം പോലെ രാജ്യാന്തരതലത്തിലുള്ള തുറമുഖങ്ങളുമായുള്ള സഹകരണത്തിനും സർക്കാർ ശ്രമിക്കുന്നുണ്ടെന്നു മന്ത്രി വ്യക്തമാക്കി. എം ക്ലാറ്റ് സെക്രട്ടറി അഡ്വ കെ.ജെ. തോമസ് കല്ലംമ്പള്ളി രചിച്ച മാരിടൈം ലോജിസ്റ്റിക്സ് സംബന്ധിച്ച ഠവല ഋഃശാ ഠൃമറല, ങമൃശശോല ഘമം മിറ ആഹൗല ഋരീിീാ്യ, ഇഒഅഇ ആഘഅ ഏഡശറല എന്നീ പുസ്തകങ്ങൾ മന്ത്രി പ്രകാശനം ചെയ്തു. ചടങ്ങിൽ അധ്യക്ഷനായിരുന്ന എം. വിൻസന്റ് എംഎൽഎയും അദാനി വിഴിഞ്ഞം പോർട്ട് എംഡിയും സിഇഒയുമായ രാജേഷ് ഝായും മാർ ഗ്രിഗോറിയസ് ലോ കോളെജ് പ്രിൻസിപ്പൽ ഡോ പി.സി. ജോണും പുസ്തകങ്ങൾ ഏറ്റുവാങ്ങി. പുസ്തകങ്ങളുടെ ഉള്ളടക്കം സംബന്ധിച്ച് അഡ്വ കെ.ജെ. തോമസ് കല്ലംമ്പള്ളി വിശദീകരിച്ചു. എം ക്ലാറ്റിന്റെ ഔദ്യോഗികമായ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് നിയമപരമായ പരിഹാരവും പരിരക്ഷയും നൽകാൻ എം ക്ലാറ്റിന്റെ പ്രവർത്തനങ്ങൾക്ക് സാധിക്കുമെന്ന് എം. വിൻസന്റ് എംഎൽഎ ചൂണ്ടിക്കാട്ടി. മാരിടൈം നിയമങ്ങളുടെ അനന്ത സാധ്യതകൾ മത്സ്യത്തൊഴിലാളികൾക്കു വേണ്ടി ഉപയോഗിക്കാൻ എം ക്ലാറ്റിനു സാധിക്കട്ടേ എന്ന് അദ്ദേഹം ആശംസിച്ചു. വിഴിഞ്ഞം തുറമുഖ നിർമാണം വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും ഇന്റർനാഷണൽ ഷിപ് ആൻഡ് പോർട് ഫെസലിറ്റി സെക്യൂരിറ്റി മാനദണ്ഡം അനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങൾ സജ്ജീകരിച്ചു വരികയാണെന്നും ആശംസയർപ്പിച്ചു സംസാരിച്ച മാരിടൈം ബോർഡ് ചെയർമാൻ അഡ്വ വി.ജെ. മാത്യൂ പറഞ്ഞു. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് എംഡിയും സിഇഒയുമായ ഡോ ജയകുമാർ, തിരുവനന്തപുരം ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ എസ്.എസ്. ബാലു, എം ക്ലാറ്റ് പ്രസിഡന്റ് അഡ്വ പരവൂർ സി ശശിധരൻ പിള്ള, ജോയിൻ സെക്രട്ടറി അഡ്വ ആർ. വിജയകുമാർ തുടങ്ങിയവരും പങ്കെടുത്തു സംസാരിച്ചു.




എം ക്ലാറ്റിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം പ്രസ്ക്ലബ്ബിൽ സംഘടിപ്പിച്ച് മാരിടൈം ദിനാഘോഷം തുറമുഖ വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ ഉദ്ഘാടനം ചെയ്യുന്നു. എം. വിൻസന്റ് എംഎൽഎ, മാരിടൈം ബോർഡ് ചെയർമാൻ അഡ്വ വി.ജെ. മാത്യൂ, അദാനി വിഴിഞ്ഞം പോർട്ട് എംഡിയും സിഇഒയുമായ രാജേഷ് ഝാ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് എംഡിയും സിഇഒയുമായ ഡോ ജയകുമാർ, മാർ ഗ്രിഗോറിയസ് ലോ കോളെജ് പ്രിൻസിപ്പൽ ഡോ പി.സി. ജോൺ, തിരുവനന്തപുരം ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ എസ്.എസ്. ബാലു, എം ക്ലാറ്റ് സെക്രട്ടറി അഡ്വ കെ.ജെ. തോമസ് കല്ലംമ്പള്ളി, പ്രസിഡന്റ് അഡ്വ പരവൂർ സി ശശിധരൻ പിള്ള, ജോയിൻ സെക്രട്ടറി അഡ്വ ആർ. വിജയകുമാർ തുടങ്ങിയവർ സമീപം



എം ക്ലാറ്റ് സെക്രട്ടറി അഡ്വ കെ.ജെ. തോമസ് കല്ലംമ്പള്ളി രചിച്ച മാരിടൈം ലോജിസ്റ്റിക്സ് സംബന്ധിച്ച പുസ്തകം തുറമുഖ വകുപ്പു മന്ത്രി അഹമ്മദ് ദേവർകോവിൽ എം. വിൻസന്റ് എംഎൽഎക്ക് നൽകി പ്രകാശനം ചെയ്യുന്നു. മാരിടൈം ബോർഡ് ചെയർമാൻ അഡ്വ വി.ജെ. മാത്യൂ, അദാനി വിഴിഞ്ഞം പോർട്ട് എംഡിയും സിഇഒയുമായ രാജേഷ് ഝാ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് എംഡിയും സിഇഒയുമായ ഡോ ജയകുമാർ, മാർ ഗ്രിഗോറിയസ് ലോ കോളെജ് പ്രിൻസിപ്പൽ ഡോ പി.സി. ജോൺ, തിരുവനന്തപുരം ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ എസ്.എസ്. ബാലു, എം ക്ലാറ്റ് സെക്രട്ടറി അഡ്വ കെ.ജെ. തോമസ് കല്ലംമ്പള്ളി, പ്രസിഡന്റ് അഡ്വ പരവൂർ സി ശശിധരൻ പിള്ള, ജോയിൻ സെക്രട്ടറി അഡ്വ ആർ. വിജയകുമാർ തുടങ്ങിയവർ സമീപം



# ഉപകരണങ്ങളുടെ സ്റ്റോക്കറിയാൻ മെഡിക്കൽ കോളേജ് കാത്ത് ലാബിൽ ആരോഗ്യമന്ത്രിയുടെ മിന്നൽ സന്ദർശനം

തിരുവനന്തപുരം : തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാത്ത് ലാബിൽ അടിയന്തിര കേസുകൾ ഉൾപ്പെടെ മുടങ്ങിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സ്റ്റെന്റിന്റെ സ്റ്റോക്കറിയാൻ ആരോഗ്യമന്ത്രി വീണാ ജോർജ് മെഡിക്കൽ കോളേജ് കാത്ത് ലാബിൽ മിന്നൽ സന്ദർശനം നടത്തി.

ഇന്നലെ മെഡിക്കൽ കോളേജിലെ പുതിയ ഐസിയു മന്ത്രി സന്ദർശിച്ചിരുന്നു. ഈ സമയത്ത് മെഡിക്കൽ കോളേജിലെ സ്റ്റെന്റിന്റെ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പ്രിൻസിപ്പാളിൽ നിന്നും സൂപ്രണ്ടിൽ നിന്നും ചോദിച്ചറിഞ്ഞിരുന്നു. കൂടാതെ ഇന്നലെ വൈകുന്നേരം മെഡിക്കൽ കോളേജ് അധികൃതരെ മന്ത്രി ഓഫീസിൽ വിളിച്ചുവരുത്തി ചർച്ച നടത്തി. ഇതുകൂടാതെയാണ് ഇന്ന് രാവിലെ മന്ത്രി നേരിട്ട് മെഡിക്കൽ കോളേജ് കാത്ത് ലാബിൽ മിന്നൽ സന്ദർശനം നടത്തിയത്. ആദ്യമായാണ് ഒരു മന്ത്രി മെഡിക്കൽ കോളേജിൽ നേരിട്ടെത്തി സ്റ്റെന്റിന്റെ സ്റ്റോക്ക് പരിശോധിച്ചത്.

കാത്ത് ലാബ് പ്രൊസീജിയറിനാവശ്യമായ സ്റ്റെന്റുകളും ഗൈഡ് വയറും ബലൂണും നിലവിൽ അവശ്യമായത് ഉണ്ടെന്ന് മന്ത്രി ഉറപ്പുവരുത്തി. മാത്രമല്ല ഒരുമാസത്തിലധികം ഉപയോഗിക്കാൻ കഴിയുന്ന സ്റ്റെന്റുകൾ സ്റ്റോക്കുണ്ട്. ഗൈഡ് വയറിന്റെ കുറവ് ഇന്ന് തന്നെ നികത്താനുള്ള കർശന നിർദേശം നൽകി. അടിയന്തര ശസ്ത്രക്രിയകൾ ഒന്നും മുടങ്ങിയിട്ടില്ല. മാത്രമല്ല നിലവിൽ അടിയന്തര കേസുകൾ ഉൾപ്പെടെയുള്ളവ തടസമില്ലാതെ നടക്കുന്നുണ്ട്.

മെഡിക്കൽ കോളേജ് സൂപ്രണ്ട് ഓഫീസ് സന്ദർശിച്ച് ഓഫീസുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തു. കാർഡിയോളജി വിഭാഗത്തിലെ ഡോക്ടർമാർ, നഴ്സുമാർ, ടെക്നീഷ്യൻമാർ, മറ്റ് ജീവനക്കാർ എന്നിവരുമായും മന്ത്രി സംസാരിച്ചു. ഇവയുടെ വിതരണം മുടങ്ങുന്നില്ലെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കാൻ നിർദേശം നൽകി. ഇതുസംബന്ധിച്ച റിപ്പോർട്ട് നൽകാൻ മെഡിക്കൽ വിദ്യാഭ്യാസ ജോയിന്റ് ഡയക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

ആശങ്ക പരത്തുന്ന പ്രചാരണങ്ങൾ നടത്തരുതെന്ന് മന്ത്രി അഭ്യർത്ഥിച്ചു. മന്ത്രിയോടൊപ്പം മെഡിക്കൽ വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ ഡോ. തോമസ് മാത്യുവും ഉണ്ടായിരുന്നു.

# സിവിൽ സർവീസ് പരീക്ഷ: ശുഭം കുമാറിന് ഒന്നാം റാങ്ക്

ന്യൂഡൽഹി: സിവിൽ സർവീസ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ശുഭം കുമാറിനാണ് ഒന്നാം റാങ്ക്. ജാഗ്രതി വസ്തിക്ക് രണ്ടാം റാങ്കും അങ്കിത ജയിൻ മൂന്നാം റാങ്കും കരസ്ഥമാക്കി. തൃശൂർ കോലഴി സ്വദേശിനിയായ കെ.മീര ആറാം റാങ്ക് നേടി. മിഥുൻ പ്രേംരാജ് പന്ത്രണ്ടാം റാങ്കും കരിഷ്മ നായർ 14ാം റാങ്കും സ്വന്തമാക്കി. പി ശ്രീജ (20), അപർണ രമേശ് (35), അശ്വതി ജിജി (41), നിഷ (51), വീണ എസ്. സുധൻ (57), അപർണ എം.ബി (62), പ്രസന്നകുമാർ (100), ആര്യ ആർ. നായർ (113),

കെ.എം പ്രിയങ്ക (121), പി.ദേവി (143), അനന്തു ചന്ദ്രശേഖർ (145), എ.ബി ശില്പ (147), രാഹുൽ എൽ. നായർ (154), രേഷ്മ എ.എൽ (256), കെ. അർജുൻ (257) തുടങ്ങിയവരാണ് റാങ്ക് പട്ടികയിലെ മറ്റ് മലയാളികൾ.

# കോട്ടയത്ത് അവിശ്വാസം പാസായി

കോട്ടയം: കോട്ടയം നഗരസഭാ ചെയർപേഴ്സൺ ബിൻസി സെബാസ്റ്റ്യനെതിരേ എൽഡിഎഫ് കൊണ്ടുവന്ന അവിശ്വാസം പാസായി. ഇതോടെ യുഡിഎഫിന് അധികാരം നഷ്ടപ്പെട്ടു. ബിജെപിയുടെ പിന്തുണയോടെയാണ് അവിശ്വാസം പാസായത്.

52 അംഗങ്ങളുള്ള നഗരസഭയിൽ 29 പേർ അവിശ്വാസത്തെ പിന്തുണച്ചു. സിപിഎം സ്വതന്ത്രൻറെ വോട്ട് അസാധുവായി. എൽഡിഎഫിൻറെ 22 അംഗങ്ങളും ബിജെപിയുടെ എട്ടും അംഗങ്ങളുമാണ് യോഗത്തിൽ പങ്കെടുത്തത്. യുഡിഎഫിൻറെ 22 അംഗങ്ങൾ അവിശ്വാസ പ്രമേയത്തിൽനിന്നും വിട്ടുനിന്നു.

വികസനപ്രവർത്തനങ്ങളിലെ മുരടിപ്പ് ചൂണ്ടിക്കാട്ടിയാണ് എൽഡിഎഫ് അവിശ്വാസ പ്രമേയം അവതരിപ്പിച്ചത്. ഇതോടെ ഈരാറ്റുപേട്ടയ്ക്കുശേഷം ജില്ലയിൽ രണ്ടാമത്തെ നഗരസഭയാണ് ദിവസങ്ങൾക്കുള്ളിൽ യുഡിഎഫിന് നഷ്ടമാക്കുന്നത്. കോൺഗ്രസ് വിമതയായി ജയിച്ച് പിന്നീട് യുഡിഎഫ് ചേരിയിലെത്തി നറുക്കെടുപ്പിലൂടെയാണ് ബിൻസി ചെയർപേഴ്സണായത്.

# കണ്ണൂരിൽ പിഞ്ചുകുഞ്ഞിനെ വെട്ടിക്കൊന്ന് അച്ഛൻ ആത്മഹത്യ ചെയ്തു; അമ്മ ഗുരുതരാവസ്ഥയിൽ

ശ്രീകണ്ഠപുരം : ഏരുവേശ്ശിയിൽ 6 മാസം പ്രായമുള്ള കുഞ്ഞിനെ വെട്ടിക്കൊന്ന് അച്ഛൻ ആത്മഹത്യ ചെയ്തു. പുള്ളിമാൻ കുന്നിൽ മാവില വീട്ടിൽ സതീഷ് കുമാർ (31) ആണ് ഭാര്യ അഞ്ജു, മകൻ ധ്യാൻ ദേവ് എന്നിവരെ കത്തി കൊണ്ട് കുത്തി പരിക്കേൽപ്പിച്ച് കഴുത്ത് മുറിച്ച് ആത്മഹത്യ ചെയ്തത്. വെള്ളിയാഴ്ച രാവിലെ 9.30 തോടെയായിരുന്നു സംഭവം. ഗൾഫിൽ ജോലി ചെയ്ത് വരികയായിരുന്ന സതീഷ് 3 വർഷം മുമ്പാണ് നാട്ടിൽ തിരിച്ചെത്തിയത്. സംഭവ സമയത്ത് സതീഷിന്റെ അമ്മ ദേവകി വീട്ടിൽ ഉണ്ടായിരുന്നു. കിടപ്പ് മുറിയിലേക്ക് കയറിയ സതീഷ് വാതിൽ അടച്ചതിന് ശേഷം ഭാര്യയെയും കുട്ടിയെയും കത്തി കൊണ്ട് കുത്തുകയായിരുന്നു.



പൊതുമരാമത്ത് വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ് മെഡിക്കൽ കോളേജ് വനിതാ ഹോസ്റ്റൽ കെട്ടിടം സന്ദർശിക്കുന്നു

# 5.17 കോടിയുടെ 12 ആയുഷ് പദ്ധതികളുടെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിക്കും

സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി സംസ്ഥാന ആയുഷ് വകുപ്പിന് കീഴിലുള്ള ആയുഷ് സ്ഥാപനങ്ങളിലെ 5.17 കോടി രൂപയുടെ 12 പദ്ധതികളുടെ ഉദ്ഘാടനം 25ന് ഉച്ചയ്ക്ക് രണ്ട് മണിക്ക് ഓൺലൈനായി ആരോഗ്യ മന്ത്രി വീണാ ജോർജ് നിർവഹിക്കും. അതത് ജില്ലകളിലെ മന്ത്രിമാർ, ജനപ്രതിനിധികൾ ഉദ്യോഗസ്ഥ പ്രമുഖർ എന്നിവർ പങ്കെടുക്കും.

സ്ത്രീകളിലെ അനീമിയയും മറ്റ് ആരോഗ്യ പ്രശ്നങ്ങളും തിരിച്ചറിയാനും അവ ചികിത്സിക്കുന്നതിനും ഉദ്ദേശിച്ച് ആയുഷ് വകുപ്പ് ആവിഷ്ക്കരിച്ച പദ്ധതിയാണ് മഗളിർ ജ്യോതി.

തിരുവനന്തപുരം വള്ളക്കടവ്, കൊല്ലം തേവലക്കര, ആലപ്പുഴ മണ്ണൻചേരി, ഇടുക്കി പള്ളിവാസൽ, പാലക്കാട് മങ്കര, മലപ്പുറം ഏലംകുളം എന്നീ ആറ് സിദ്ധ ക്ലിനിക്കുകൾ വഴിയാണ് പദ്ധതി നടത്തുന്നത്. 36 ലക്ഷം രൂപയുടെ പദ്ധതിയാണിത്.

പത്തനംതിട്ട സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ വന്ധ്യതയ്ക്കുള്ള ആയുർവേദ ചികിത്സാപദ്ധതിയായ ഇൻഫെർട്ടിലിറ്റി ക്ലിനിക് ആരംഭിക്കുകയാണ്. വന്ധ്യതയ്ക്ക് ആയുർവേദ ചികിത്സ വളരെ ഫലപ്രദമാണെന്ന് അനുഭവങ്ങളിൽ നിന്നും വ്യക്തമായിട്ടുണ്ട്. 8.5 ലക്ഷം രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്.

കേരള അക്രഡിറ്റേഷൻ സ്റ്റാന്റേർഡ് നിലവാരത്തിലേക്ക് ഉയർത്തിയ ആയുഷ് മേഖലയിലെ ആറ് സ്ഥാപനങ്ങളുടെ ഉദ്ഘാടനമാണ് നടക്കുന്നത്.

സർക്കാർ ഹോമിയോപ്പതി ഡിസ്പെൻസറികളായ കാസർഗോഡ് ചിറ്റാരിക്കൽ, കൊല്ലം കല്ലുവാതുക്കൽ, തിരുവനന്തപുരം വിളവൂർക്കൽ, ആയുർവേദ ഡിസ്പെൻസറികളായ കണ്ണൂർ ചെമ്പിലോട്, വയനാട് മീനങ്ങാടി, കോഴിക്കോട് കുര്യവാട്ടൂർ എന്നിവയാണ് ആദ്യഘട്ട കാഷ് അക്രഡിറ്റേഷൻ നേടിയത്.

ഇന്ത്യയിൽ ആദ്യമായി ഇ സഞ്ജീവനി ടെലി കൺസൾട്ടേഷൻ പ്ലാറ്റ് ഫോമിലൂടെ ആയുഷ് സേവനങ്ങൾ സംസ്ഥാനത്ത് ലഭ്യമാക്കുന്നതാണ് മറ്റോരു പദ്ധതി. കണ്ണൂർ, ആലപ്പുഴ ജില്ലകളിലാണ് ഈ സേവനത്തിനായി കൺസോളുകൾ സജ്ജീകരിച്ചിട്ടുള്ളത്.

ഹോമിയോ വകുപ്പിന്റെ നേതൃത്വത്തിൽ 35 ലക്ഷം ചെലവഴിച്ച് പത്തനംതിട്ട ജില്ലാ മെഡിക്കൽ സ്റ്റോറിന്റെ നിർമ്മാണോദ്ഘാടനവും നടക്കും.

സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ ആഭിമുഖ്യത്തിൽ 9.75 ലക്ഷം രൂപ വിനിയോഗിച്ച് ഗുണമേൻമയുള്ള ഔഷധ സസ്യങ്ങളുടെ ഉത്പാദനവും വിതരണവും നടത്തും. കാർഷിക സർവ്വകലാശാല, തൃശൂർ, ഔഷധി, തൃശൂർ, ആയുർവ്വേദ ഗവേഷണ കേന്ദ്രം, പൂജപ്പുര എന്നീ സ്ഥാപനങ്ങൾ മുഖേന ഒരു ലക്ഷത്തോളും തൈകൾ ഈ സാമ്പത്തിക വർഷം കർഷകർക്കും പൊതുജനങ്ങൾക്കും നൽകുന്ന പദ്ധതിയാണിത്.

കർഷകർക്കും പൊതുജനങ്ങൾക്കും മറ്റ് സന്നദ്ധ സംഘടനകൾക്കും ഗുണമേയുള്ള ഔഷധ സസ്യങ്ങൾ സൗജന്യമായോ/ കുറഞ്ഞ നിരക്കിലോ ലഭ്യമാക്കാനാണ് പദ്ധതി.

ഔഷധ സസ്യ പ്രദർശ ഉദ്യാനം, ഔഷധ സസ്യങ്ങൾക്കായി രണ്ട് വിത്ത് കേന്ദ്രങ്ങൾ, ആയുർവേദ ഗവേഷണ കേന്ദ്രത്തിനായി ഔഷധ സസ്യ നഴ്സറി, ഇൻസ്റ്റിറ്റിയൂഷണൽ ഹെർബൽ ഗാർഡൻ, കരുനാഗപ്പള്ളി ആയുർവേദ ആശുപത്രിയിൽ പുതിയ ബ്ലോക്ക് എന്നിവയും ഉദ്ഘാടനം ചെയ്യും.

# സംസ്ഥാനത്ത് 17,983 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു



കേരളത്തിൽ 17,983 പേർക്ക് കൂടി കോവിഡ്19 സ്ഥിരീകരിച്ചു. തൃശൂർ 2784, എറണാകുളം 2397, തിരുവനന്തപുരം 1802, കൊല്ലം 1500, കോട്ടയം 1367, കോഴിക്കോട് 1362, പാലക്കാട് 1312, മലപ്പുറം 1285, ആലപ്പുഴ 1164, ഇടുക്കി 848, കണ്ണൂർ 819, പത്തനംതിട്ട 759, വയനാട് 338, കാസർഗോഡ് 246 എന്നിങ്ങനെയാണ് ജില്ലകളിൽ രോഗം സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ സാമ്പിളുകളാണ് 1,10,523 പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ പത്തിന് മുകളിലുള്ള 422 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 841 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4,69,954 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇതിൽ 4,47,442 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റീനിലും 22,512 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 1807 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 1,62,846 കോവിഡ് കേസുകളിൽ, 12.6 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 127 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 24,318 ആയി. രോഗം സ്ഥിരീകരിച്ചവരിൽ 72 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 16,918 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 877 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 116 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 15,054 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 2422, കൊല്ലം 538, പത്തനംതിട്ട 187, ആലപ്പുഴ 1303, കോട്ടയം 1216, ഇടുക്കി 372, എറണാകുളം 614, തൃശൂർ 2587, പാലക്കാട് 1064, മലപ്പുറം 1366, കോഴിക്കോട് 1540, വയനാട് 442, കണ്ണൂർ 1068, കാസർഗോഡ് 335 എന്നിങ്ങനെയാണ് രോഗമുക്തിയായത്. ഇതോടെ 1,62,846 പേരാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. 44,09,530 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# ഡൽഹിയിൽ കോടതിക്കുള്ളിൽ വെടിവയ്പ്; മൂന്ന് മരണം

ന്യൂഡൽഹി: ഡൽഹിയിൽ കോടതിക്കുള്ളിലുണ്ടായ വെടിവയ്പ്പിൽ ഗുണ്ടാത്തലവൻ ഉൾപ്പടെ മൂന്ന് പേർ കൊല്ലപ്പെട്ടു. അക്രമികളായ രണ്ടുപേരെ പോലീസ് വെടിവച്ചു കൊലപ്പെടുത്തി. നിരവധി പേർക്ക് വെടിവയ്പ്പിൽ പരിക്കേറ്റിട്ടുണ്ടെന്നാണ് വിവരം.

വടക്കൻ ഡൽഹിയിലെ രോഹിണി കോടതി സമുച്ചയത്തിലാണ് രാജ്യത്തെ നടുക്കിയ സംഭവമുണ്ടായത്. ഗുണ്ടാസംഘങ്ങൾ തമ്മിലുള്ള കുടിപ്പകയാണ് സംഭവത്തിന് കാരണം. ഗുണ്ടാത്തലവൻ ജിതേന്ദർ ഗോഗിയാണ് കൊല്ലപ്പെട്ടവരിൽ ഒരാൾ. ഇയാൾ നിരവധി ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടയാളാണെന്ന് പോലീസ് വ്യക്തമാക്കി.

അക്രമികൾ അഭിഭാഷകരുടെ വേഷത്തിലാണ് കോടതിയിൽ കടന്നത്. തിഹാർ ജയിലിലായിരുന്ന ഗുണ്ടാനേതാവിനെ ഇന്ന് കോടതിയിൽ ഹാജരാക്കാൻ എത്തിച്ചപ്പോഴാണ് വെടിവയ്പ്പുണ്ടായത്. വലിയ സുരക്ഷാ വീഴ്ചയാണ് കോടതിക്കുള്ളിൽ ഉണ്ടായതെന്ന വിമർശനം ഉയർന്നിട്ടുണ്ട്. ഗോഗിയും തിലു താജ്പുരിയയും മുൻപ് സുഹൃത്തുക്കളായിരുന്നു. 2010 ൽ ഡൽഹിയിൽ നടന്ന കോളജ് വിദ്യാർഥി യൂണിയൻ തെരഞ്ഞെടുപ്പിലാണ് ഇവരുടെ ശത്രുത ആരംഭിക്കുന്നത്.

അത് പിന്നീട് പകയായി മാറി. 2018 ൽ ബുരാരിയിൽ ഗോഗിതിലു സംഘാംഗങ്ങൾ തമ്മിലുള്ള സംഘട്ടനത്തിൽ മൂന്ന് പേർ കൊല്ലപ്പെടുകയും അഞ്ച് പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. രണ്ട് സംഘങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലിൽ ഇതുവരെ നൂറിലധികം പേർ കൊല്ലപ്പെട്ടു.

ഡൽഹിഹരിയാന അതിർത്തിയിലെ അലിപോരയിലാണ് കൊല്ലപ്പെട്ട ഗോഗിയുടെ വീട്. ഡൽഹി പോലീസിൻറെ ക്രിമിനൽ പട്ടികയിൽ ആദ്യപേരുകാരനാണ് ഇയാൾ. മോചന ദ്രവ്യം ആവശ്യപ്പെട്ട് തട്ടിക്കൊണ്ടുപോകൽ, കൊലപാതകം, കവർച്ച തുടങ്ങിയവയാണ് ഗോഗിയുടെ പ്രധാന പരിപാടികൾ.

ഗോഗി മൂന്ന് തവണ പോലീസ് കസ്റ്റഡിയിൽ നിന്ന് രക്ഷപ്പെട്ടിട്ടുണ്ട്. തിലു താജ്പുരിയയും തിഹാർ ജയിലിലാണ്. ഇവിടെനിന്നാണ് ഇയാൾ സംഘത്തിൻറെ ക്രിമിനൽ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. 2013 ൽ കുപ്രസിദ്ധ ഗുണ്ട നീതു ദബോദിയ പോലീസ് ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു. കൂടാതെ, ഡൽഹിയിലെ ഡോൺ എന്ന് സ്വയം വിശേഷിപ്പിക്കുന്ന നീരജ് ബവാനിയയും ജയിലിൽ പോയി. ഇതിനുശേഷം, ഗോഗിയും താജ്പുരിയയും തമ്മിൽ ആധിപത്യത്തിനായുള്ള പോരാട്ടം ശക്തമായി. കഴിഞ്ഞ 10 വർഷമായി ഈ ഗുണ്ടാസംഘങ്ങൾ തമ്മിൽ ഏറ്റുമുട്ടൽ നടന്നുകൊണ്ടിരിക്കുകയാണ്. അക്രമികൾ അഭിഭാഷകരുടെ വേഷത്തിലാണ് കോടതിയിൽ കടന്നത്. തിഹാർ ജയിലിലായിരുന്ന ഗുണ്ടാനേതാവിനെ കോടതിയിൽ ഹാജരാക്കാൻ എത്തിച്ചപ്പോ ഴാണ് വെടിവയ്പ്പുണ്ടായത്. വലിയ സുരക്ഷാ വീഴ്ചയാണ് കോടതിക്കുള്ളിൽ ഉണ്ടായതെന്ന വിമർശനം ഉയർന്നിട്ടുണ്ട്.

# പൊതുമരാമത്തു മന്ത്രി മെഡിക്കൽ കോളേജ് വനിതാ ഹോസ്റ്റലും പരിസരവും സന്ദർശിച്ചു

വിദ്യാർത്ഥി പ്രതിനിധികളും യൂണിയനും മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പരാതി നല്കിയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്തു ടൂറിസം മന്ത്രി മുഹമ്മദ് റിയാസ് മെഡിക്കൽ കോളേജ് വനിതാ ഹോസ്റ്റലും പരിസരവും സന്ദർശിച്ചു. നിരവധി ഡോക്ടർമാരെ സംഭവനചെയ്യുന്ന മെഡിക്കൽ കോളേജിലെ മെഡിക്കൽ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ, ഹോസ്റ്റലിലെ മറ്റു സംവിധാനങ്ങൾ, ക്വാർട്ടേഴ്സ് എന്നിവയെല്ലാം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. പണികൾ എത്രയും വേഗത്തിൽ പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും വീഴ്ച എവിടെയെങ്കിലും വന്നിട്ടുണ്ടെങ്കിൽ അത് പരിഹരിച്ച് മുന്നോട്ടുപോകുമെന്ന് മന്ത്രി പറഞ്ഞു.

## പരിസ്ഥിതി പോഷിണി ഫെല്ലോഷിപ്പിന് അപേക്ഷിക്കാം

പരിസ്ഥിതിപോഷിണി ഫെലോഷിപ്പിനുള്ള അപേക്ഷ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ട്രേറ്റ് ക്ഷണിച്ചു. ഒക്ടോബർ ആറിനകം അപേക്ഷ നൽകണം. അപേക്ഷയും വിശദാംശങ്ങളും ooo.ലീ.സേല്യമഹമ.ഴീ.ശി ൽ ലഭിക്കും. ഫോൺ: 0471 2326264.

# ജ്വല്ലറി ഭിത്തി തുരന്നു കവർച്ച കൊലക്കേസ് പ്രതിയടക്കം പിടിയിൽ

കായംകുളം: കായംകുളത്തു ജ്വല്ലറിയുടെ ഭിത്തി തുരന്നു സ്വർണഭരണങ്ങളും 10 കിലോ വെള്ളി ആഭരണങ്ങളും കവർന്ന സംഭവത്തിൽ രണ്ടു പേർ പിടിയിൽ. തമിഴ്നാട് കടലൂർ സ്വദേശി കണ്ണൻ, കായംകുളം കൊറ്റുകുളങ്ങര സ്വദേശി ആടുകിളി എന്നു വിളിക്കുന്ന നൗഷാദ് എന്നിവരാണ് പിടിയിലായത്.

കഴിഞ്ഞ 10ന് രാത്രിയിലാണ് കായംകുളം സാധുപുരം ജ്വല്ലറിയുടെ ഭിത്തി തുരന്നു മോഷണം നടത്തിയത്. തമിഴ്നാട് സ്വദേശി കണ്ണൻ നിരവധി മോഷണക്കേസുകളിലും കൊലപാതക കേസിലും പ്രതിയാണ്.

തിരുവനന്തപുരം കല്ലറയിൽ ജ്വല്ലറി മോഷണത്തിനിടെ സെക്യൂരിറ്റി ജീവനക്കാരനെ തലക്കടിച്ചു കൊലപ്പെടുത്തി കിണറ്റിൽ തള്ളിയ കേസിൽ തിരുവനന്തപുരം സെൻട്രൽ ജയിലിൽ ജീവപര്യന്തം ശിക്ഷ അനുഭവിച്ചു പരോളിൽ ഇറങ്ങിയ ശേഷമാണു മോഷണം നടത്തിയത്.

കായംകുളം സ്വദേശി നൗഷാദ് നിരവധി മോഷണക്കേസിൽ പ്രതിയാണ്. ജയിലിൽ കണ്ണനുമായി പരിചയപ്പെട്ട ശേഷം മോഷണം ആസൂത്രണം ചെയ്യുകയായിരുന്നു. പ്രതികളെ സ്ഥലത്ത് എത്തിച്ചു തെളിവെടുപ്പ് നടത്തി.

കായംകുളം ഡിവൈഎസ്പി അലക്സ് ബേബി യുടെ നേതൃത്വത്തിൽ കായംകുളം സിഐ മുഹമ്മദ് ഷാഫി, കരീലകുളങ്ങര സിഐ സുധിലാൽ എന്നിവരുടെ നേതൃത്വത്തിലാണ് കേസ് അന്വേഷിച്ചത്.

# കായൽ സംരക്ഷണത്തിന് എല്ലാ സംവിധാനവും മേയർ

അഷ്ടമുടി കായൽ സംരക്ഷണം, ആവാസവ്യവസ്ഥ നിലനിർത്തൽ എന്നിവയ്ക്കായി എല്ലാ വിഭാഗങ്ങളുടേയും സർക്കാർ സംവിധാനങ്ങളുടേയും കൂട്ടായ പരിശ്രമം ഉറപ്പാക്കിയെന്ന് മേയർ പ്രസന്ന ഏണസ്റ്റ്. ഒക്ടോബർ രണ്ടിനു നടക്കുന്ന കായൽ ശുചീകരണ യജ്ഞത്തിന്റെ സംഘാടനം വിലയിരുത്താൻ നടത്തിയ വിവിധ സർക്കാർ വകുപ്പുകളുടെ യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു മേയർ.

ശുചീകരണ പരിപാടിയോടെ കായലിന്റെ അവസ്ഥയ്ക്ക് കാര്യമായ മാറ്റം വരുത്താമഎന്നാണ് പ്രതീക്ഷ. ശുചിത്വപാലനം തുടർ പ്രക്രിയായി നിലനിറുത്തുന്നതിന് പ്രാധാന്യം നൽകും.

ഇതിനായി സർക്കാർ വകുപ്പുകളുടെ സജീവ ഇടപെടൽ ഉറപ്പാക്കുമെന്നും മേയർ വ്യക്തമാക്കി.

ഡെപ്യൂട്ടി മേയർ കൊല്ലം മധു, ആരോഗ്യകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ യു. പവിത്ര, ഉൾനാടൻ ജലഗതാഗതം, ജലസേചനം, തുറമുഖം, ഫിഷറീസ്, പൊതുമരാമത്ത്, വിദ്യാഭ്യാസം, കൃഷി, വിനോദസഞ്ചാരം തുടങ്ങിയ വകുപ്പജശളുടെ മേധാവിമാർ, ഹരിതശുചിത്വ മിഷൻ കോർഡിനേറ്റർമാർ, മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധി, വിവിധ കോളജുകളിലെ പ്രിൻസിപ്പൽമാർ തുടങ്ങിയവർ പങ്കെടുത്തു.

# ഉന്നത വിജയം നേടിയ കുട്ടികളെ ആദരിക്കും

പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി കഴിഞ്ഞ അധ്യയന വർഷത്തിൽ മെഡിക്കൽ/ എൻജിനിയറിങ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയതും പി.എച്ച്.ഡി നേടിയതുമായ പട്ടികജാതി വിഭാഗത്തിലെ കുട്ടികളെ ആദരിക്കും. അർഹരായ വിദ്യാർഥികൾ വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റ്, യോഗ്യത തെളിയിക്കുന്ന മാർക്ക് ലിസ്റ്റ്, ഐ.ഡി കാർഡ് എന്നിവയുടെ പകർപ്പും ബയോഡേറ്റയും ഒക്ടോബർ 5നകം ചീഫ് പബ്ലിസിറ്റി ഓഫീസ്, പട്ടികജാതി വികസന വകുപ്പ്, കനകനഗർ, വെള്ളയമ്പലം, കവടിയാർ.പി.ഒ, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ അപേക്ഷ നൽകണം. കൂടുതൽ വിവരങ്ങൾക്ക് ചീഫ് പബ്ലിസിറ്റി ഓഫീസുമായി ബന്ധപ്പെടണം. ഫോൺ നമ്പർ: 04712315375.

# സ്കോൾ കേരള: സ്വയം പഠന സഹായി കൈപ്പറ്റണം

സ്കോൾ കേരള മുഖേന രജിസ്റ്റർ ചെയ്തിട്ടുള്ള ഹയർസെക്കണ്ടറി കോഴ്സ് (202022) ബാച്ച് രണ്ടാം വർഷ ഓപ്പൺ റഗുലർ വിദ്യാർത്ഥികളുടെ സ്വയം പഠന സഹായികൾ പഠന കേന്ദ്രങ്ങളിൽ നിന്ന് കൈപ്പറ്റണം. വിദ്യാർത്ഥികൾ അതത് പഠനകേന്ദ്രം പ്രിൻസിപ്പൽ/ കോഡിനേറ്റിംഗ് ടീച്ചറുമായി ബന്ധപ്പെട്ട്, തിരിച്ചറിയൽ രേഖയുമായി എത്തി കൈപ്പറ്റണം.

# സ്കോൾകേരള ഡി.സി.എ പരീക്ഷ ഫലം

സ്കോൾകേരള നടത്തിയ ഡി.സി.എ (ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) കോഴ്സ് അഞ്ചാം ബാച്ചിന്റെ ഫലം പ്രസിദ്ധീകരിച്ചു. സംസ്ഥാനത്താകെ 1520 വിദ്യാർഥികൾ പരീക്ഷ എഴുതി. ഇതിൽ 1323 പേർ (87.04% ശതമാനം) നിശ്ചിത യോഗ്യത നേടി. 1183 വിദ്യാർഥികൾ ഡിസ്റ്റിംഗ്ഷനും 140 പേർ ഫസ്റ്റ് ക്ലാസ്സും നേടി. കൊല്ലം ജില്ലയിലെ തേവള്ളി ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസിലെ അശ്വിൻ ആർ. നായർ (രജി. നമ്പർ 40159), പത്തനംതിട്ട ജില്ലയിലെ അങ്ങാടിക്കൽ എസ്.എൻ.വി.എച്ച്.എസ്.എസിലെ വൈഷ്ണവി.ഐ (രജി. നമ്പർ 40275) എന്നിവർ ഒന്നാം റാങ്കും, കൊല്ലം ജില്ലയിലെ തേവള്ളി ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസിലെ സായിറാം.കെ (രജി. നമ്പർ 40174), പാലക്കാട് ജില്ലയിലെ സി.എ.എച്ച്.എസ്.എസിലെ അമൃത.ബി (രജി. നമ്പർ 40754) എന്നിവർ രണ്ടാം റാങ്കും, തിരുവനന്തപുരം ജില്ലയിലെ പട്ടം ഗവ. മോഡൽ ഗേൾസ് എച്ച്.എസ്.എസിലെ ഫർസാന പ്രവീൺ. ആർ (രജി. നമ്പർ 40043), കൊല്ലം ജില്ലയിലെ തേവള്ളി ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസിലെ അശ്വിൻ. എം.എസ് (രജി. നമ്പർ. 40158), തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട ഗവ. മോഡൽ ഗേൾസ് എച്ച്.എസ്.എസിലെ അമൃത നയന (രജി. നമ്പർ 40582) എന്നിവർ മൂന്നാം റാങ്കും നേടി. പരീക്ഷാ ഫലം ooo.രെീഹലസല്യമഹമ.ീൃഴ യിൽ ലഭ്യമാണ്. ഉത്തരക്കടലാസ് പുനർമൂല്യനിർണ്ണയത്തിന് 25 മുതൽ ഒക്ടോബർ ഒന്നുവരെ ഫീസ് അടച്ച് അപേക്ഷിക്കാം. സ്കോൾ കേരള വെബ്സൈറ്റിലുള്ള നിർദ്ദിഷ്ട അപേക്ഷാ ഫോമിലാണ് അപേക്ഷിക്കേണ്ടത്. ഒരു പേപ്പറിന് 200 രൂപയാണ് പുനർമൂല്യനിർണ്ണയ ഫീസ്. ഫീസ് ഓൺലൈനായും ഓഫ്ലൈനായും അടയ്ക്കാം. ഓഫ്ലൈനായി ഫീസ് അടയ്ക്കുന്നതിന് സ്കോൾകേരള വെബ്സൈറ്റിലെ (ooo.രെീഹലസല്യമഹമ.ീൃഴ) 'ജനറേറ്റ് ചെലാൻ' എന്ന ലിങ്കിൽ നിന്നും പുനർമൂല്യനിർണ്ണയ ഫീസ് അടയ്ക്കുന്നതിനുള്ള ചെലാൻ എടുത്ത് ഏതെങ്കിലും ഒരു പോസ്റ്റ് ഓഫീസിൽ ഫീസ് അടച്ച അസൽ ചെലാനും, മാർക്ക് ലിസ്റ്റിന്റെ പകർപ്പും ഉൾപ്പെടെ ബന്ധപ്പെട്ട പരീക്ഷാ കേന്ദ്രം പ്രിൻസിപ്പലിന്റെ സാക്ഷ്യപ്പെടുത്തൽ സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

## ഐ.ടി മേഖലയിലെ ജീവനക്കാരുടെ ക്ഷേമ പദ്ധതി: മുഖ്യമന്ത്രി ഇന്ന് (സെപ്റ്റംബർ 25) ഉദ്ഘാടനം ചെയ്യും

ഐ.ടി, ഐ.ടി അനുബന്ധ മേഖലയിലെ ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമ പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് (സെപ്റ്റംബർ 25) രാവിലെ 11ന് ഉദ്ഘാടനം ചെയ്യും. അയ്യൻകാളി ഹാളിൽ നടക്കുന്ന പരിപാടിയിൽ മന്ത്രി വി.ശിവൻ കുട്ടി അധ്യക്ഷത വഹിക്കും. ഗതാഗത മന്ത്രി ആന്റണി രാജു മുഖ്യാതിഥിയാകും.

# കുടുംബശ്രീ സൃഷ്ടിക്കുന്നത് പുത്തനുണർവ്വ് : മന്ത്രി ജെ ചിഞ്ചുറാണി

കുടുംബശ്രീ പ്രവർത്തകർ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർന്നു വരികയാണെന്ന് മന്ത്രി ജെ.ചിഞ്ചു റാണി. കാർഷിക പോഷക ഉദ്യാന ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം എൻ.ജി.ഒ യൂണിയൻ ഹാളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

സ്വയം പര്യാപ്തതയോടെ വിവിധ മേഖലകളിൽ പ്രാവീണ്യം സൃഷ്ടിക്കാൻ കുടുംബശ്രീക്ക് കഴിയും. ക്യാമ്പയ്ൻ വഴി നടപ്പിലാക്കുന്ന ജൈവ പച്ചക്കറി കൃഷിയുടെ വ്യാപനത്തിലൂടെ ജീവിത ശൈലി രോഗങ്ങൾക്ക് തടയിടാനും കാർഷിക മേഖലയിൽ പുത്തൻ ഉണർവ്വ് സൃഷ്ടിക്കാനും കഴിയുമെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

മേയർ പ്രസന്ന ഏണസ്റ്റ് അധ്യക്ഷയും ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വക്കേറ്റ് സുമലാൽ മുഖ്യാതിഥിയുമായി. കുടുംബത്തിന്റെ പൂർണ്ണ പോഷക ആവശ്യങ്ങൾക്കായി എല്ലാ ഗ്രാമപഞ്ചായത്ത് വാർഡുകളിലും കാർഷിക പോഷക ഉദ്യാനങ്ങൾ സജ്ജമാക്കാനും ഇതുവഴി പോഷകസമൃദ്ധമായ പച്ചക്കറികളും പഴവർഗങ്ങളും സംസ്ഥാനത്തെ 10 ലക്ഷത്തോളം കുടുംബങ്ങളിൽ എത്തിക്കാനുമാണ് കുടുംബശ്രീ മിഷൻ ലക്ഷ്യമിടുന്നത്.

എല്ലാ ഗ്രാമ പഞ്ചായത്തുകളിലെയും ഓരോ വാർഡുകളിൽ നിന്ന് കുറഞ്ഞത് മൂന്ന് സെന്റിൽ കൃഷി ചെയ്യാൻ താല്പര്യമുള്ള 50 കുടുംബങ്ങളെ വീതമാണ് പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുന്നത്. 1234 വാർഡുകളിലായി 61,700 കുടുംബങ്ങളാണ് പങ്കെടുക്കുന്നത്. വാർഡ് തലത്തിൽ വിദഗ്ധ പരിശീലനവും അഞ്ചിനം പച്ചക്കറി വിത്തുകൾ സൗജന്യമായി നൽകുന്നുമുണ്ട്. കുടുംബശ്രീ സി.ഡി.എസുകളിൽ രജിസ്റ്റർ ചെയ്ത 50 പേരടങ്ങുന്ന ക്ലസ്റ്ററുകൾ ആക്കി ജൈവ രീതിയിലാണ് കൃഷി. കൃഷിയുടെ ഓരോ ഘട്ടത്തിലും പ്രവർത്തനങ്ങൾ വിലയിരുത്തി കാർഷിക ഉൽപ്പന്നങ്ങൾ നാട്ടു ചന്തകൾ വഴി വിപണനം നടത്തുകയും ചെയ്യും.

കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ വി.ആർ അജു, അസിസ്റ്റന്റ് കോർഡിനേറ്റർ ജി.അരുൺകുമാർ, പെരിനാട് ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ ബി. മണിയമ്മ, ജില്ലാ പ്രോഗ്രാം മാനേജർ ഹണിമോൾ രാജു വിവിധ സി.ഡി.എസ്സ് അംഗങ്ങൾ, കുടുംബശ്രീ ജില്ലാ ഓഫീസ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# സ്കൂൾ തുറക്കാൻ കരട് മാർഗരേഖയായി



തിരുവനന്തപുരം: കോവിഡ് വ്യാപനത്തെത്തുടർന്ന് സംസ്ഥാനത്ത് അടച്ച സ്കൂളുകൾ തുറക്കാൻ കരട് മാർഗരേഖയായി. സ്കൂൾ വൃത്തിയാക്കാൻ ശുചീകരണ യജ്ഞം നടത്തുമെന്നും വിദ്യാഭ്യാസമന്ത്രി വി.ശിവൻകുട്ടി പറഞ്ഞു. സ്കൂൾ തുറക്കും മുൻപ് സ്കൂൾതല പിടിഎ യോഗം ചേരും. അന്തിമരേഖ അഞ്ചു ദിവസത്തിനകം പുറത്തിറക്കുമെന്നും മന്ത്രി അറിയിച്ചു. രക്ഷിതാക്കൾ പൊതുജനങ്ങൾ എന്നിവർക്കും അഭിപ്രായങ്ങൾ അറിയിക്കാം. ഇതെല്ലാം പരിഗണിച്ചാകും അന്തിമ രേഖ പുറത്തിറക്കുക.

സ്കൂൾ തുറക്കുന്നത് ചർച്ച ചെയ്യാൻ മന്ത്രിതല യോഗം ചേർന്നു കുഴിഞ്ഞു. അടുത്തതായി കലക്ടർമാരുടെ നേതൃത്വത്തിൽ ജില്ലകളിൽ യോഗം ചേരും. എംഎൽഎമാർ, മറ്റ് ജനപ്രതിനിധികൾ എന്നിവർ ഇതിൽ പങ്കെടുക്കും. പ്രധാനധ്യാപകരുടെ നേതൃത്വത്തിൽ നടക്കുന്ന സ്കൂൾതല യോഗവും ചേരും. വുപുലമായ പിടിഎ, ക്ലാസ് പിടിഎ എന്നിവ വിളിച്ചു ചേർക്കും. അധ്യാപക, യുവജന, വിദ്യാർഥി സംഘടനാ പ്രതിനിധികളുടെയും യോഗം ചേരും.

ക്ലാസുകൾ ആരംഭിക്കുന്നതിന് മുന്നോടിയായി വിപുലമായ ശുചീകരണ യഞ്ജം നടത്തും. സ്കൂൾ പരിസരവും ശുചിമുറികളും വൃത്തിയാക്കുന്നതിനു പുറമേ എല്ലാ ദിവസവും ക്ലാസുകൾ അണുമുക്തമാക്കും. യുവജന, വിദ്യാർഥി സംഘടനകളുടെ സഹായത്തോടെയാകും ഈ പ്രവൃത്തികൾ. സ്കൂളിന്റെ കവാടത്തിലും ക്ലാസ് മുറികളുടെ മുന്നിലും കൈ കഴുകാൻ സോപ്പും വെള്ളവും വെക്കും. ക്ലാസിൽ പ്രവേശിക്കുന്നതിന മുമ്പ് താപ പരിശോധന നടത്തും.

കുട്ടികളെ കൂട്ടംകൂടാൻ ഒരു കാരണവശാലും അനുവദിക്കില്ല. ഒരു ബെഞ്ചിൽ രണ്ടു കുട്ടികളെയാണ് ഇരുത്തുക. കൂടുതൽ കുട്ടികളുള്ള കലാസുകളെ ബാ്ച്ചുകളായി തിരിക്കും. ഉച്ചവരെയാണ് ക്ലാസ്. അതിനാൽ ഉച്ചഭക്ഷണം ഒഴിവാക്കുന്ന കാര്യം പരിഗണനയിലാണ്. സ്കൂൾ പരിസരത്തെ ബേക്കറി, മറ്റ് ഭക്ഷണശാലകൾ എന്നിവയിൽ കുട്ടികൾ പോകുന്നത് നീയന്ത്രിക്കും.

സ്കൂൾ ബസ് ഡ്രൈവർമാർ മുതൽ പാചകത്തൊഴിലാളിവരെ സ്കൂളുമായി ബന്ധപ്പെടുന്ന എല്ലാവർക്കും വാക്സിൻ നൽകും. രക്ഷിതാക്കളുടെ അനുമതിയോടെ മാത്രമേ വിദ്യാർഥികളെ സ്കൂളിൽ പ്രവേശിപ്പിക്കൂ. രോഗലക്ഷണമുള്ള കുട്ടികളെ സ്കൂളിലേക്ക് വിടരുത്. ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് രണ്ടാം ഘട്ടത്തിൽ പ്രവേശനം നൽകും. സ്കൂൾ ബസ്സുകളുടെ ഫിറ്റ്നസ്സിനുള്ള നടപടികൾ ഉടൻ സ്വീകരിക്കും. കൂടതൽ കുട്ടികളുള്ള സ്കൂളുകളിലേക്ക് സർവീസ് നടത്തുന്ന കാര്യം കെഎസ്ആർടിസിയുമായി ആലോചിച്ച് തീരുമാനിക്കും. ഒരു ഓട്ടോറിക്ഷയിൽ ഒരേസമയം രണ്ടു കുട്ടികളെ കൊണ്ടുവരാൻ മാത്രമേ അനുവദിക്കൂവെന്നും മന്ത്രി പറഞ്ഞു.

എംഎൽമാരായ പി പി ചിത്തരഞ്ജൻ, എച്ച് സലാം എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

ആദിവാസി മേഖലയിലെ കുട്ടികൾക്ക് ഓൺലൈൻ പഠനത്തിനായി ലാപ്!ടോപ്പുകൾ ലഭ്യമാക്കുന്ന പദ്ധതിയുടെ സംസ്ഥാനതല വിതരണോദ്ഘാടനം വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു. കൈറ്റ് വിക്ടേഴ്സ് വഴിയുള്ള ഫസ്റ്റ്ബെൽ ഡിജിറ്റൽ ക്ലാസുകൾ തുടർച്ചയായി ഓൺലൈൻ പഠനം ആരംഭിക്കുന്ന സാഹചര്യത്തിൽ ആദിവാസി മേഖലയിലെ കുട്ടികൾക്കുള്ള ലാപ്ടോപ്പുകളുടെ വിതരണം വേഗത്തിലാക്കുമെന്ന് മന്ത്രി പറഞ്ഞു. ആദ്യഘട്ടത്തിൽ പത്താം ക്ലാസിലെ മുഴുവൻ എസ് ടി കുട്ടികൾക്കുമാണ് ലാപ്!ടോപ്പുകൾ ലഭ്യമാക്കുന്നത്. പൊതു പരീക്ഷ തീരുന്ന ഉടനെ പ്ലസ്!ടു കുട്ടികൾക്കും തുടർന്ന് ഘട്ടം ഘട്ടമായി മറ്റു ക്ലാസുകളിലെ കുട്ടികൾക്കും ലാപ്!ടോപ്പുകൾ ലഭ്യമാക്കും.

ആദിവാസി മേഖലയിലെ കുട്ടികൾക്ക് അതതു സ്കൂളുകൾ വഴി ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്ന മാതൃകയിൽ ലാപ്!ടോപ്പുകൾ ലഭ്യമാക്കാനാണ് പദ്ധതി.

കൈറ്റിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിൽ നടന്ന സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ്, ഡയറക്ടർ കെ ജീവൻ ബാബു, കൈറ്റ് സിഇഒ കെ അൻവർ സാദത്ത് എന്നിവർ പങ്കെടുത്തു. തിരുവനന്തപുരം ജില്ലയിലെ ജിഎച്ച്എസ് ഉത്തരംകോട് പ്രഥമാധ്യാപിക സി ആർ! ശിവപ്രിയയ്ക്ക് ലാപ്!ടോപ്പ് നൽകിയാണ് മന്ത്രി വിതരണോദ്ഘാടനം നിർവഹിച്ചത്.

## പാഠ്യപദ്ധതി തൊഴിലധിഷ്ഠിതമായി പരിഷ്കരിക്കും; കരിക്കുലം കമ്മിറ്റി ഉടൻ: വിദ്യാഭ്യാസമന്ത്രി

ആലപ്പുഴ : സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണത്തിനായുള്ള വിദഗ്ദരടങ്ങിയ കരിക്കുലം കമ്മിറ്റി ഉടൻ രൂപീകരിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 2013ലാണ് ഇതിനു മുമ്പ് പാഠ്യപദ്ധതി പരിഷ്കരിച്ചത്. രണ്ടു വർഷത്തിനുള്ളിൽ പുതിയ സിലബസ് നടപ്പാക്കാനാകും എന്നാണ് പ്രതീക്ഷ. ആധുനിക കാലത്തിന്റെ വെല്ലുവിളികൾ നേരിടാൻ വിദ്യാർഥികളെ സജ്ജമാക്കുന്നതിന് തൊഴിൽ അധിഷ്ഠിത പാഠ്യപദ്ധതിയാണ് തയ്യാറാക്കുകയെന്ന് മന്ത്രി പറഞ്ഞു.

ജീവിക്കുന്ന സമൂഹത്തിന്റെ ചരിത്രവും, സാഹചര്യങ്ങളും വിദ്യാർഥികൾക്ക് മനസ്സിലാക്കാൻ കഴിയുന്ന പാഠഭാഗങ്ങൾ ഉൾപ്പെടുത്തും. നമ്മുടെ ഭരണഘടന, മതേതരത്വം, സ്ത്രീ സമത്വം, സ്ത്രീധനം, പ്രകൃതി, ശുചിത്വം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തും. സ്പോർട്സിന് പ്രത്യേക പരിഗണന നൽകും.

സ്കൂൾ തുറന്നാലും ഓൺലൈൻ ക്ലാസുകൾ തുടരും. ഉച്ച വരെ നേരിട്ടുള്ള ക്ലാസ്, അതുകഴിഞ്ഞ് പഠനം ഓൺലൈനിൽ. ഇത് കുട്ടികൾക്ക് ഇത് ഏറെ ഗുണം ചെയ്യും. സമ്പൂർണ ഡിജിറ്റൽ വിദ്യാഭ്യാസം നടപ്പാക്കിയ ഏക സംസ്ഥാനം കേരളമാണ്. കോവിഡ് പ്രതിസന്ധിക്കിടയിലും ബോർഡ് പരീക്ഷകളും സുഗമമായി നടത്തി ഫലം പ്രസിദ്ധീകരിച്ചു. എന്നാൽ പരീക്ഷകൾക്കെതിരെ സമൂഹ മാധ്യമങ്ങളിൽ ഉൾപ്പെടെ നടത്തുന്ന പ്രചാരണം വിദ്യാർഥികൾക്ക് ഏറെ ദോഷം ചെയ്യും. പരീക്ഷ നടത്തുന്നവർ കുഴപ്പക്കാർ എന്ന മട്ടിലാണ് പ്രചാരണം. കുട്ടികളോട് അൽപ്പമെങ്കിലും സ്നേഹമുണ്ടെങ്കിൽ ഈ അപവാദ പ്രചാരണത്തിൽ നിന്ന് പിന്മാറണമെന്നും മന്ത്രി പറഞ്ഞു.

## നാർക്കോട്ടിക് വിവാദം; സമുദായ നേതാക്കളുടെ യോഗം വിളിക്കണമെന്ന് സതീശൻ

തിരുവനന്തപുരം: നാർക്കോട്ടിക് വിവാദത്തിൽ സർക്കാരിൻറേത് കള്ളക്കളിയെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. സമുദായ നേതാക്കളുടെ യോഗം വിളിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സമൂഹമാധ്യമങ്ങളിലൂടെ വ്യാജ ഐഡി ഉപയോഗിച്ചുള്ള വിദ്വേഷ പ്രചരണം അവസാനിപ്പിക്കണം. ഇതിന് എന്ത് നടപടിയാണ് മുഖ്യമന്ത്രി സ്വീകരിച്ചിട്ടുള്ളത്. സമൂഹമാധ്യങ്ങളിലൂടെ പച്ചയ്ക്ക് വർഗീയത പറഞ്ഞിട്ട് ആളുകൾ വീട്ടിൽ കയറി ഇരിക്കുകയാണ്. ഇവർക്കെതിരെ നടപടി വേണം. സൈബർ പോലീസിന് എന്തിനാണെന്നും അദ്ദേഹം ചോദിച്ചു. നടപടി സ്വീകരിക്കാൻ പറ്റാത്ത സൈബർ പോലീസിനെ പിരിച്ചുവിടണം.

മന്ത്രി വാസവൻ അടച്ച അധ്യായം മുഖ്യമന്ത്രി തുറന്നത് എന്തിനാണെന്നും സതീശൻ ചോദിച്ചു. വിദ്വേഷ പ്രചരണം അവസാനിപ്പിക്കാൻ മുഖ്യമന്ത്രി നടപടി സ്വീകരിക്കണം. സമൂദായ നേതാക്കൻമാരുടെ യോഗം വിളിച്ച് ഒറ്റദിവസം കൊണ്ട് വിവാദം അവസാനിപ്പിക്കാമെന്നും അദ്ദേഹം പറഞ്ഞു.

മതേതരത്വ നിലപാടിൽ വെള്ളം ചേർക്കാത്ത നിലപാടാണ് യുഡിഎഫിൻറേത്. സൗഹൃദത്തിൻറേയും സ്നേഹത്തിൻറെയും അന്തരീക്ഷം സൃഷ്ടിക്കാനാണ് തങ്ങൾ ശ്രമിക്കുന്നത്. തങ്ങൾ സൃഷ്ടിക്കുന്ന അന്തരീക്ഷം സർക്കാരിന് ഉപയോഗിക്കാമെന്നും ഇതിൻറെ ക്രഡിറ്റ് സർക്കാരിന് എടുക്കാമെന്നും സതീശൻ കൂട്ടിച്ചേർത്തു.

## കോവിഡിൽ മരിച്ച പ്രവാസികളുടെ കുടുംബങ്ങൾക്ക് നഷ്ട പരിഹാരം: തീരുമാനമെടുക്കണമെന്ന് ഡൽഹി ഹൈക്കോടതി

കോവിഡ് ബാധിച്ച് മരിച്ച പ്രവാസികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിൽ അടിയന്തിരമായി തീരുമാനമെടുക്കാൻ കേന്ദ്രസർക്കാരിന് ഡൽഹി ഹൈക്കോടതി നിർദേശം നൽകി. പ്രവാസി ലീഗൽ സെൽ ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ജോസ് അബ്രഹാം നൽകിയ പൊതുതാൽപര്യ ഹർജിയിലാണ് ഡൽഹി ചീഫ് ജസ്റ്റിസ് ഡി എൻ പട്ടേൽ അധ്യക്ഷനായ ഡിവിഷൻ ബെഞ്ചിന്റെ വിധി. പ്രവാസി ലീഗൽ സെല്ലിന് വേണ്ടി അഡ്വ. ശ്രീവിഘ്നേഷ് ഹാജരായി.

കോവിഡ് ബാധിച്ച് മരിച്ച പ്രവാസികളുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുക, കോവിഡിൽ വിദേശത്ത് മരിച്ച പ്രവാസികളുടെ കണക്കുകൾ ശേഖരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ ഇന്ത്യൻ നയതന്ത്ര മിഷനുകൾക്ക് നിർദ്ദേശം നൽകുക. മഹാമാരിയിൽ വിദേശത്ത് മാതാപിതാക്കൾ നഷ്ടമായ ഇന്ത്യക്കാരായ കുട്ടികൾക്ക് പി എം കെയർ ഫണ്ടിൽ നിന്ന് സാമ്പത്തിക സഹായം നൽകുക എന്നീ ആവശ്യങ്ങളാണ് ഹർജിയിൽ ഉന്നയിച്ചിരുന്നത്.

ജൂലൈ ആദ്യവാരം സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കോവിഡിൽ മരിച്ച പ്രവാസികളുടെ കുടുംബങ്ങൾക്ക് നഷ്ട പരിഹാരം നൽകണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിയ്ക്കും മെമ്പർ സെക്രട്ടറിയ്ക്കും പ്രവാസി ലീഗൽ സെൽ നിവേദനം സമർപ്പിച്ചിരുന്നു. കോടതി അനുവദിച്ച സമയപരിധി തീർന്നിട്ടും നടപടി വൈകിയതിനാലാണ് ലീഗൽ സെൽ ഹൈക്കോടതിയെ സമീപിച്ചത്.

പ്രവാസികളായ ഇന്ത്യക്കാർക്കും സർക്കാരിന്റെ ക്ഷേമപദ്ധതികളിൽ അവകാശമുണ്ടെന്നും ഏതെങ്കിലും പദ്ധതികളിൽ നിന്ന് പ്രവാസികളെ ഒഴിവാക്കുന്നത് ഭരണ ഘടന ഉറപ്പു നൽകുന്ന 'തുല്യത'യുടെ ലംഘനമായി പരിഗണിക്കാവുന്നതാണെന്നും പ്രവാസികളുടെ കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള വേർതിരിവുണ്ടായാൽ ഭരണഘടനാ ലംഘനമാണെന്നും ഹർജിയിൽ ചൂണ്ടികാണിച്ചിരുന്നു.

## ബാലഗോപാൽ അനുസ്മരണം നടത്തി

തിരുവനന്തപുരം: ബാലഗോപാൽ ഫൗണ്ടേഷന്റെ ബാലഗോപാൽ അനുസ്മരണ സമ്മേളനം ഭക്ഷ്യമന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്തു. നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് തടസമാകുന്ന നിലയിലുള്ള പ്രവർത്തനങ്ങൾ പല സർക്കാർ ജീവനക്കാരുടെയും ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു. ഈ അവസരത്തിൽ ബാലഗോപാലിനെപ്പോലുള്ളവരുടെ പ്രവർത്തനങ്ങൾ മാതൃകയാക്കാൻ നിലവിലുള്ള ജീവനക്കാർ തയ്യാറാകണമെന്നും അദ്ദേഹം പറഞ്ഞു.

ബാലഗോപാൽ ഫൗണ്ടേഷൻ പ്രസിഡന്റ് വട്ടിയൂർക്കാവ് രാജൻ അധ്യക്ഷത വഹിച്ചു. ഒളിമ്പ്യൻ പി ആർ ശ്രീജേഷിന്റെ ആദ്യകാല കോച്ച് രമേഷ് കോലപ്പയെ സി ആർ മഹേഷ് എംഎൽഎ ആദരിച്ചു. രാജാജി നഗറിലെ ഡാൻസ് ട്രൂപ്പ് അംഗങ്ങൾക്ക് ബാലഗോപാൽ ഫൗണ്ടേഷന്റെ ക്യാഷ് അവാർഡ് ചാരുപാറ രവി വിതരണം ചെയ്തു. അനുസ്മരണ യോഗത്തിൽ ടി വി അനിൽ കുമാർ, കെ പി രത്നകുമാർ, അശോക് കുമാർ, ഷാനു ഫിലിപ്പ്, സുരേഷ് കുമാർ, എം ആർ മധു, പീറ്റർ ജോസ് എന്നിവർ സംസാരിച്ചു.

ഫോട്ടോ: ബാലഗോപാൽ അനുസ്മരണ സമ്മേളനം ഭക്ഷ്യമന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്യുന്നു

## വിദേശരാജ്യങ്ങളിൽ കൽക്കരി വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കില്ലെന്ന് ചൈന

ന്യൂയോർക്ക്: കാലാവസ്ഥാ വ്യതിയാനം തടയുന്നതിനായി കാർബൺ വാതകങ്ങളുടെ തോത് കുറയ്ക്കാൻ വിദേശരാജ്യങ്ങളിൽ കൽക്കരി വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കാൻ ഫണ്ട് നൽകില്ലെന്ന് ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്. ഐക്യരാഷ്ട്രസഭയിലാണ് ഷിയുടെ പ്രഖ്യാപനം.

ഇന്തോനേഷ്യ, ബംഗ്ലാദേശ് പോലുള്ള വികസ്വരരാജ്യങ്ങളിൽ കൽക്കരി വൈദ്യുതി പദ്ധതികളുടെ നിർമ്മാണത്തെ പ്രോത്സാഹിപ്പിച്ചിരുന്ന രാജ്യമാണ് ചൈന. കാലാവസ്ഥാ വ്യതിയാനത്തിനെതിരെ പോരാടുന്ന പരിസ്ഥിതിപ്രവർത്തകർ വിദേശരാജ്യങ്ങളിൽ കൽക്കരി നിലയങ്ങൾ സ്ഥാപിക്കുന്നത് അവസാനിപ്പിക്കണമെന്ന് ചൈനയോട് ആവശ്യപ്പെട്ടിരുന്നു. കൽക്കരിനിലയങ്ങൾ നിർമ്മിക്കില്ലെന്ന് ദക്ഷിണ കൊറിയയും ജപ്പാനും നേരത്തെ പ്രഖ്യാപിച്ചിരുന്നു. കൽക്കരി നിലയങ്ങൾക്ക് പകരം കുറഞ്ഞതോതിൽ കാർബൺ വികിരണങ്ങൾ പുറന്തള്ളുന്ന പരിസ്ഥിതി സൗഹാർദ പദ്ധതികൾക്ക് മുൻതൂക്കം നൽകുമെന്നും ഷി വ്യക്തമാക്കി. വൺ ബെൽറ്റ് വൺ റോഡ് പദ്ധതി വഴി മധ്യ, പശ്ചിമ, ദക്ഷിണേഷ്യൻ രാജ്യങ്ങളിലും ആഫ്രിക്ക, യൂറോപ്പ് എന്നിവിടങ്ങളിലും കൽക്കരി ഊർജനിലയങ്ങൾ സ്ഥാപിക്കാനാണ് ചൈന ലക്ഷ്യമിട്ടിരുന്നത്.

## മയക്കുമരുന്നിനെ മയക്കുമരുന്നെന്ന് തന്നെ വിളിക്കണം: ക്ലീമിസ് ബാവാ

തിരുവനന്തപുരം : മയക്കുമരുന്നിനെ മയക്കുമരുന്ന് എന്നുതന്നെ വിളിക്കുന്നതാണ് അഭികാമ്യം എന്നാണ് കത്തോലിക്കാ സഭയുടെ നിലപാടെന്ന് മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാ ബാവാ വ്യക്തമാക്കി. മതാധ്യക്ഷന്മാരുടെ യോഗത്തിനുശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മതസൗഹാർദം കാത്തുസൂക്ഷിക്കാൻ അടിത്തട്ടിൽ കൂട്ടായ്മ ശക്തിപ്പെടുത്താൻ യോഗത്തിൽ ധാരണയായി. സൗഹാർദത്തിനും സമാധാനത്തിനും എല്ലാവരും ജാഗ്രത കാട്ടണമെന്ന് യോഗം ആവശ്യപ്പെട്ടു. കലുഷമുണ്ടാക്കാവുന്ന വാക്കും പ്രവൃത്തിയും ഉണ്ടാകാതിരിക്കാൻ ജാഗ്രതയുണ്ടാകണമെന്നും ഇതിനുള്ള ശ്രമങ്ങൾക്ക് തുടക്കമിടാനും ചർച്ച തുടരാനും തീരുമാനിച്ചതായും ക്ലീമിസ് ബാവാ പറഞ്ഞു.

യോഗത്തിൽ എല്ലാ സമുദായ സംഘടനകളുടെയും പ്രാതിനിധ്യം ഉറപ്പാക്കാൻ ആയിട്ടില്ല. പാലാ ബിഷപ്പിന്റെ പരാമർശമായിരുന്നില്ല പ്രധാന ചർച്ച. സമാധാന ഭംഗം ഒഴിവാക്കാനുള്ള കൂട്ടായ ശ്രമമാണ് പരിഗണിച്ചത്. യോഗം സംബന്ധിച്ച് സർക്കാരുമായി ആശയവിനിമയം നടത്തിയിരുന്നില്ല. ചങ്ങനാശേരി ആർച്ച് ബിഷപ്പ് യോഗത്തിന് എത്തുമെന്ന് അറിയിച്ചിരുന്നുവെങ്കിലും പങ്കെടുത്തില്ല. മതമേലധ്യക്ഷന്മാരുടെ യോഗം വിളിച്ചാൽ അനുകൂലമായി പ്രതികരിക്കുമെന്നും കർദിനാൾ പറഞ്ഞു.

സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, പാണക്കാട് മുനവ്വറലി ശിഹാബ് തങ്ങൾ, ലത്തീൻ കത്തോലിക്കാ ആർച്ച് ബിഷപ് സൂസപാക്യം, മാർത്തോമാ സഭാ ബിഷപ് ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപോലീത്ത, ഓർത്തഡോക്സ് സഭാ ബിഷപ് ഗെബ്രിയേൽ മാർ ഗ്രിഗോറിയോസ്, യാക്കോബായ സഭാ ബിഷപ് മാത്യൂസ് മാർ അന്തീമോസ്, പാളയം ഇമാം ഡോ. വി പി ഷുഹൈബ് മൗലവി, കോഴിക്കോട് പാളയം ഇമാം ഡോ. ഹുസൈൻ മടവൂർ, കേരള മുസ്ലിം ജമാ അത്തെ പ്രസിഡന്റ് കരമന ബയാർ, ശിവഗിരി മഠത്തിലെ സ്വാമി സൂക്ഷ്മാനന്ദ, ഏകലവ്യാശ്രമത്തിലെ സ്വാമി അശ്വതി തിരുനാൾ, അൽ അമീൻ ബീമാപള്ളി (കെഎൻഎം), അഷ്റഫ് കടയ്ക്കൽ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## ഹൈബ്രിഡ് ഇലക്ട്രിക്ക് വെഹിക്കിൾ കോഴ്സിന് അപേക്ഷിക്കാം

തിരുവനന്തപുരം: അസാപും ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യയും സംയുക്തമായി നടത്തുന്ന ഹൈബ്രിഡ് ഇലക്ട്രിക്ക് വെഹിക്കിൾ(എക്സ്. ഇ വി ടെക്നോളജി) കോഴ്സിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. ഒരു മാസത്തെ വിർചൽ ഇന്റേൺഷിപ്പ് പ്രോഗ്രാമിലൂടെ ഹൈബ്രിഡ് വാഹനങ്ങളുടെ പ്രവർത്തനം വിദ്യാർത്ഥികൾക്ക് അടുത്തറിയാം. 66 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സിലേക്ക് മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഓട്ടോമൊബൈൽ, ഇലക്ട്രോണിക്സ് എന്നിവയിൽ പോളിടെക്നിക്ക്/ എൻജിനീയറിങ് വിദ്യാർത്ഥികൾക്കും ബിരുദധാരികൾക്കും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9495999727, 9495999635.

## താത്ക്കാലിക മുൻഗണനാ പട്ടിക

മൃഗസംരക്ഷണ വകുപ്പിലെ അഡീഷണൽ ഡയറക്ടർ തസ്തികയിലെ 2021 ആഗസ്റ്റ് 31 അനുസരിച്ചുള്ള താൽക്കാലിക മുൻഗണനാ പട്ടിക ംംം.മവറസലൃമഹമ.ഴീ.ശി ൽ പ്രസിദ്ധീകരിച്ചു. പട്ടികയിൽ ആക്ഷേപങ്ങളോ, അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ സഹിതം നടപടിക്രമം പുറപ്പെടുവിച്ച തീയതി മുതൽ 15 ദിവസത്തിനകം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് ലഭിക്കണം.

## കെൽട്രോൺ അക്കൗണ്ടിംഗ് കോഴ്സിന് അപേക്ഷിക്കാം

കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ നോളജ് സർവീസസ് ഗ്രൂപ്പ് നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൽഷ്യൽ അക്കൗണ്ടിംഗ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഇന്ത്യൻ ആൻഡ് ഫോറിൻ അക്കൗണ്ടിംഗ് (കാലാവധി8 മാസം, യോഗ്യത +2 അല്ലെങ്കിൽ മുകളിൽ) പ്രൊഫഷണൽ ഡിപ്ലോമ ഇൻ അക്കൗണ്ടിംഗ് (കാലാവധി7 മാസം യോഗ്യത എസ്.എസ്.എൽ.സിയോ അതിനു മുകളിലോ) ഡിപ്ലോമ ഇൻ ഓഫീസ് അക്കൗണ്ടിംഗ് (കാലാവധി6 മാസം യോഗ്യത +2 അല്ലെങ്കിൽ മുകളിൽ) കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് (കാലാവധി3 മാസം യോഗ്യത എസ്.എസ്.എൽ.സിയോ മുകളിലോ) എന്നീ കോഴ്സുകൾ ഓൺലൈൻ/ ഓഫ്ലൈൻ/ ഹൈബ്രിഡ് ആയി പഠിക്കാൻ അപേക്ഷിക്കാം. പഠന കേന്ദ്രങ്ങൾ:

തിരുവനന്തപുരംപാളയം, കടമ്പാട്ടുകോണം, കൊല്ലം, ആലപ്പുഴചെങ്ങന്നൂർ, ഇടുക്കിതൊടുപുഴ, മലപ്പുറം പെരിന്തൽമണ്ണ, കുറ്റിപ്പുറം, കോഴിക്കോട്, കണ്ണൂർതളിപ്പറമ്പ്. വിശദവിവരങ്ങൾക്ക്: 9072592417, 9072592412, 9188665545.

## ആജീവനാന്ത നേട്ട പുരസ്കാരത്തിന് അപേക്ഷിക്കാം

കേരള ഡെന്റൽ കൗൺസിൽ, ആജീവനാന്ത നേട്ട പുരസ്കാരം പ്രഖ്യാപിക്കുന്നതിന് 60 വയസ്സിനു മുകളിലുള്ളതും ദന്താരോഗ്യ മേഖലയിലും, ശാസ്ത്ര വിദ്യാഭ്യാസ മേഖലകളിലും, സാമൂഹിക സാംസ്കാരിക മേഖലകളിലും സേവനമനുഷ്ഠിച്ചിട്ടുള്ള കേരള ഡെന്റൽ കൗൺസിൽ രജിസ്ട്രേഷനുള്ള ദന്ത ഡോക്ടർമാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. നേരിട്ടും സംഘടനകൾ, വ്യക്തികൾ എന്നിവർ നാമനിർദ്ദേശം ചെയ്തും അപേക്ഷ നൽകാം. വിശദവിരങ്ങൾക്ക്: ംംം.ാലറശരമഹരീൗിരശഹ.സലൃമഹമ.ഴീ.ശി.

## മത്സര പരീക്ഷ സൗജന്യ പരിശീലന ക്ലാസ്

തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ പി.എസ്.സി മത്സര പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർഥികൾക്കായി സൗജന്യ മത്സര പരീക്ഷാ പരിശീലന ക്ലാസ് ഓൺലൈനായി സംഘടിപ്പിക്കുന്നു. താല്പര്യമുള്ള ഉദ്യോഗാർഥികൾ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 30നകം നേരിട്ട് ഹാജരായി അപേക്ഷ സമർപ്പക്കണം. അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കും: 04712476713, 9497229532.

## 1500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ധനശേഖരണാർത്ഥം 1500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം സെപ്റ്റംബർ 28ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇകുബേർ സംവിധാനം വഴി നടക്കും. ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ്.1/277/2021ഫിൻ.




കെ.എൽ. ഡി. ബോർഡും ഐസെറും( ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച്) കന്നുകാലികളുടെ ജനിതക ഗവേഷണ പദ്ധതികളുടെ ധാരണ പത്രത്തിൽ ഒപ്പ് വെച്ച് മന്ത്രി ചിഞ്ചുറാണിക്ക് കൈമാറുന്നു

# 100 ദിന കർമ്മ പരിപാടി: 12 പദ്ധതികളുടെ ഉദ്ഘാടനം ഇന്ന്

തിരുവനന്തപുരം : സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ആയുഷ് വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ 12 പദ്ധതികൾ ശനിയാഴ്ച ഉച്ചയ്ക്ക് 2ന് ആരോഗ്യമന്ത്രി വീണാ ജോർജ് ഓൺലൈനായി ഉദ്ഘാടനം ചെയ്യും. വിവിധ ജില്ലകളിലായി 5.17 കോടി രൂപയുടെ പദ്ധതികളാണ് ഉദ്ഘാടനം ചെയ്യുന്നത്. അതത് ജില്ലകളിലെ മന്ത്രിമാർ, ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

മഗളിർ ജ്യോതി

സ്ത്രീകളിലെ അനീമിയയും മറ്റ് ആരോഗ്യ പ്രശ്നങ്ങളും തിരിച്ചറിയാനും അവ ചികിത്സിക്കുന്നതിനും ആയുഷ് വകുപ്പ് ആവിഷ്ക്കരിച്ച പദ്ധതിയാണ് മഗളിർ ജ്യോതി. തിരുവനന്തപുരം വള്ളക്കടവ്, കൊല്ലം തേവലക്കര, ആലപ്പുഴ മണ്ണൻചേരി, ഇടുക്കി പള്ളിവാസൽ, പാലക്കാട് മങ്കര, മലപ്പുറം ഏലംകുളം എന്നീ 6 സിദ്ധ ക്ലിനിക്കുകൾ വഴിയാണ് പദ്ധതി നടത്തുന്നത്. 36 ലക്ഷം രൂപയുടെ പദ്ധതിയാണിത്.

ഇൻഫെർട്ടിലിറ്റി ക്ലീനിക്

പത്തനതിട്ട സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലാണ് വന്ധ്യതയ്ക്കുള്ള ആയുർവേദ ചികിത്സാ പദ്ധതിയായ ഇൻഫെർട്ടിലിറ്റി ക്ലീനിക് ആരംഭിക്കുന്നത്. 8.5 ലക്ഷം രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്.

6 സ്ഥാപനങ്ങൾ കേരള അക്രഡിറ്റേഷൻ നേടിയതിന്റെ പ്രഖ്യാപനം

കേരള അക്രഡിറ്റേഷൻ സ്റ്റാന്റേർഡ് നിലവാരത്തിലേക്ക് ഉയർത്തിയ ആയുഷ് മേഖലയിലെ 6 സ്ഥാപനങ്ങളുടെ ഉദ്ഘാടനം. സർക്കാർ ഹോമിയോപ്പതി ഡിസ്പെൻസറികളായ കാസർഗോഡ് ചിറ്റാരിക്കാൽ, കൊല്ലം കല്ലുവാതുക്കൽ, തിരുവനന്തപുരം വിളവൂർക്കൽ, ആയുർവേദ ഡിസ്പെൻസറികളായ കണ്ണൂർ ചെമ്പിലോട്, വയനാട് മീനങ്ങാടി, കോഴിക്കോട് കുര്യവാട്ടൂർ എന്നിവയാണ് ആദ്യഘട്ട കാഷ് അക്രഡിറ്റേഷൻ നേടിയിട്ടുള്ളത്.

ആയുഷ് സേവനങ്ങൾ ഇനി ഇസഞ്ജീവനി വഴിയും

ഇന്ത്യയിൽ ആദ്യമായി ഇസഞ്ജീവനി ടെലി കൺസൾട്ടേഷൻ പ്ലാറ്റ് ഫോമിലൂടെ ആയുഷ് സേവനങ്ങൾ സംസ്ഥാനത്ത് ലഭ്യമാക്കുകയാണ്. കണ്ണൂർ, ആലപ്പുഴ ജില്ലകളിലാണ് ഈ സേവനത്തിനായി കൺസോളുകൾ സജ്ജീകരിച്ചിട്ടുള്ളത്.

പത്തനംതിട്ടയിൽ ജില്ലാ മെഡിക്കൽ സ്റ്റോർ നിർമ്മാണം

ഹോമിയോ വകുപ്പിന്റെ നേതൃത്വത്തിൽ 35 ലക്ഷം ചെലവഴിച്ച് പത്തനംതിട്ട ജില്ലാ മെഡിക്കൽ സ്റ്റോറിന്റെ നിർമ്മാണോദ്ഘാടനമാണ് നടക്കുന്നത്.

ഗുണമേന്മയുള്ള ഔഷധ സസ്യ തൈകളുടെ ഉത്പാദനവും വിതരണവും

സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ ആഭിമുഖ്യത്തിൽ 9.75 ലക്ഷം വിനിയോഗിച്ച് ഗുണമേന്മയുള്ള ഔഷധ സസ്യങ്ങളുടെ ഉത്പാദനവും വിതരണവും ലക്ഷ്യമിടുന്നു. കാർഷിക സർവകലാശാല, തൃശൂർ, ഔഷധി, തൃശൂർ, ആയുർവേദ ഗവേഷണ കേന്ദ്രം, പൂജപ്പുര എന്നീ സ്ഥാപനങ്ങൾ മുഖേന ഒരു ലക്ഷത്തോളം തൈകൾ ഈ സാമ്പത്തിക വർഷം കർഷകർക്കും പൊതുജനങ്ങൾക്കും നൽകും.

ഔഷധ സസ്യങ്ങൾക്കായി മൂന്ന് മോഡൽ നേഴ്സറികൾ

കർഷകർക്കും പൊതുജനങ്ങൾക്കും മറ്റ് സന്നദ്ധ സംഘടനകൾക്കും ഗുണമേയുള്ള ഔഷധ സസ്യങ്ങൾ സൗജന്യമായോ/ കുറഞ്ഞ നിരക്കിലോ ലഭ്യമാക്കാനാണ് ഈ പദ്ധതി. ഇതുവഴി ഓരോ നേഴ്സറിയിൽ നിന്നും 3 ലക്ഷം തൈകൾ പ്രതിവർഷം നിർമ്മിക്കാനാകും. കണ്ണൂർ പരിയാരത്തെ ഔഷധി സബ് സെന്റർ, ഇടുക്കി മൂന്നാർ കേരള വന ഗവേഷണ കേന്ദ്രം, കോഴിക്കോട് ഒളവണ്ണ മലബാർ ബോട്ടാണിക്കൽ ഗാർഡൻ എന്നിവയാണ് മൂന്ന് മോഡൽ നഴ്സറികളാകുന്നത്.

ഔഷധ സസ്യ പ്രദർശനോദ്യാനം

കണ്ണൂർ പരിയാരത്തെ ഔഷധി സബ് സെന്ററിൽ ഔഷധ സസ്യ പ്രദർശ ഉദ്യാനം സ്ഥാപിക്കുന്നു. ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണത്തിനായി പശ്ചിമഘട്ടത്തിലും കേരളത്തിൽ പലയിടങ്ങളിലുമായി കാണപ്പെടുന്ന ആയിരത്തിലധികം ഔഷധസസ്യങ്ങളുടെ ഒരു കലവറ ഒരുക്കുക എന്നതാണ് ഔഷധ സസ്യ പ്രദർശ ഉദ്യാനം എന്ന പദ്ധതി.

ഔഷധ സസ്യങ്ങൾക്കായി രണ്ട് വിത്ത് കേന്ദ്രങ്ങൾ

സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ നേതൃത്വത്തിൽ തൃശൂർ കേരള കാർഷിക സർവകലാശാല ഫോറസ്ട്രി കോളേജ്, തിരുവനന്തപുരം കേരള സർവകലാശാല ബോട്ടണി വിഭാഗം എന്നീ സർക്കാർ സ്ഥാപനങ്ങളിൽ ഔഷധ സസ്യങ്ങൾക്കായി വിത്ത് സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നു.

ആയുർവേദ ഗവേഷണ കേന്ദ്രത്തിനായി ഔഷധ സസ്യ നഴ്സറി

കണ്ണൂരിൽ സ്ഥാപിക്കുന്ന അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിനായി കണ്ടെത്തിയ സ്ഥലത്ത് ഔഷധ സസ്യങ്ങൾ നടുന്നതിനുള്ള നഴ്സറി സ്ഥാപിക്കുന്നു

ഇൻസ്റ്റിറ്റ്യൂഷണൽ ഹെർബൽ ഗാർഡൻ

ഔഷധ സസ്യങ്ങളുടെ സുസ്ഥിര ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഔഷധിയുടെ പരിയാരം ഉപകേന്ദ്രത്തിനോട് അനുബന്ധിച്ചുള്ള സ്ഥലത്ത് വച്ച് പിടിപ്പിക്കുവാൻ ലക്ഷ്യമിടുന്നതാണ് ഇൻസ്റ്റിറ്റ്യൂഷണൽ ഹെർബൽ ഗാർഡൻ.

കരുനാഗപ്പള്ളി ആയുർവേദ ആശുപത്രിയിൽ പുതിയ ബ്ലോക്ക്

കൊല്ലം കരുനാഗപ്പള്ളി ആയുർവേദ ആശുപത്രിയിൽ 2.12 കോടി ചെലവഴിച്ച് നിർമ്മിച്ച പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനം. നേഴ്സിങ് റൂം, പഞ്ചകർമ്മ തീയേറ്റർ, എക്സ്റേ റൂം, ലാബും കിടത്തി ചികിത്സയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങളോടും കൂടിയതാണ് പുതിയ കെട്ടിടം.

# സൗജന്യ ചികിത്സയിൽ ഒന്നാമത്; കേരളത്തിന് 3 ദേശീയ പുരസ്കാരങ്ങൾ

തിരുവനന്തപുരം : സംസ്ഥാനത്തിന് 3 ദേശീയ പുരസ്കാരങ്ങൾ കേന്ദ്ര ആരോഗ്യ മന്ത്രി മൻസുഖ് മാണ്ഡവ്യ പ്രഖ്യാപിച്ചു. കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്തൻ 3.0ൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള അവാർഡ് കേരളത്തിനാണ്. കൂടാതെ ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സർക്കാർ ആശുപത്രിക്കുള്ള അവാർഡ് കോട്ടയം സർക്കാർ മെഡിക്കൽ കോളേജ് കരസ്ഥമാക്കി. കഴിഞ്ഞ ഒരു വർഷ കാലയളവിൽ ഏറ്റവും കൂടുതൽ എബി പിഎം ജെഎവൈ കാസ്പ് കാർഡ് ലഭ്യമാക്കിയ പ്രധാൻ മന്ത്രി ആരോഗ്യ മിത്രക്കുള്ള അവാർഡ് ആലപ്പുഴ ജില്ലയിലെ വണ്ടാനം ടിഡി മെഡിക്കൽ കോളേജിലെ എ. അശ്വതി സ്വന്തമാക്കി.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്) വഴി സംസ്ഥാനം നടത്തിയ മികച്ച പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണിതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. കഴിഞ്ഞ 3 വർഷ കാലയളവിൽ 2 കോടി സൗജന്യ ചികിത്സയാണ് പദ്ധതി പ്രകാരം രാജ്യത്ത് ആകെ നടപ്പിലാക്കിയത്. ഇതിൽ 27.5 ലക്ഷം (മൊത്തം ചകിത്സയുടെ 13.66 ശതമാനം) സൗജന്യ ചികിത്സ ലഭ്യമാക്കിയത് കേരളത്തിൽ നിന്നുമാത്രമാണ്. ശ്രദ്ധേയമായ ഈ നേട്ടത്തിനാണ് സംസ്ഥാനത്തിന് പുരസ്കാരം നേടിത്തന്നതെന്നും മന്ത്രി വ്യക്തമാക്കി.

കാസ്പ് പദ്ധതി നടത്തിപ്പിനായി സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് (എസ്എച്ച്എ) രൂപം നൽകി. സംസ്ഥാന സർക്കാർ എസ്എച്ച്എയെ ആണ് പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏൽപ്പിച്ചിരിക്കുന്നത്. കോവിഡ് മഹാമാരി സമയത്തും സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സ ഏകോപിക്കുന്നതിനു എസ്എച്ച്എ വലിയ പങ്കാണ് വഹിച്ചത്. കേരളത്തിൽ കാസ്പ് ഗുണഭോക്താവ് അല്ലാത്ത സർക്കാർ റഫറൽ ചെയ്ത കോവിഡ് രോഗികൾക്കും സ്വകാര്യ ആശുപത്രികളിൽ നിന്നും പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. ഈ ശ്രദ്ധേയമായ ചുവടുവയ്പ്പാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയായി എസ്എച്ച്എ കേരളയെ തിരഞ്ഞെടുക്കാൻ കാരണമായത്.

3 വർഷ കാലയളവിൽ 27.5 ലക്ഷം സൗജന്യ ചികിത്സയാണ് ലഭ്യമാക്കിയത്. കാരുണ്യ ബെനവലന്റ് ഫണ്ട് (കെബിഎഫ്) പദ്ധതി പ്രകാരം ലഭ്യമാക്കുന്ന സൗജന്യ ചികിത്സയുടെ മുഴുവൻ തുകയും കേരള സർക്കാരാണ് വഹിക്കുന്നത്. കാസ്പ് പദ്ധതി പ്രകാരം പ്രതിവർഷം ഒരു കുടുംബത്തിന് 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സയും കെബിഎഫ് പദ്ധതി പ്രകരമാണെങ്കിൽ ആജീവനാന്തം 2 ലക്ഷം രൂപയുടെ സൗജന്യ ചികിത്സയുമാണ് ലഭ്യമാകുന്നത്. കാസ്പ് പദ്ധതിയിൽ ഉൾപ്പെടാത്ത 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള എല്ലാ കുടുംബങ്ങൾക്കും കെബിഎഫ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നതാണ്. നിലവിൽ കേരളത്തിൽ ഈ പദ്ധതികളുടെ ആനുകൂല്യം 192 സർക്കാർ ആശുപത്രികളിലും 569 സ്വകാര്യ ആശുപത്രികളിലൂടെയും നൽകി വരുന്നു.

## ബലാത്സംഗ ശ്രമം ചെറുത്ത പെൺകുട്ടിയുടെ കണ്ണിൽ ആസിഡ് ഒഴിച്ചു

ഭോപ്പാൽ: മധ്യപ്രദേശിൽ ബലാത്സംഗ ശ്രമം ചെറുത്ത പെൺകുട്ടിയുടെ കണ്ണിൽ ആസിഡ് ഒഴിച്ച് യുവാക്കൾ. സംഭവവുമായി ബന്ധപ്പെട്ട് രണ്ട് പേരെ പൊലീസ് അറസ്റ്റു ചെയ്തു.

മധ്യപ്രദേശിലെ പന്ന ജില്ലയിലെ ബരാഹോ ഗ്രാമത്തിൽ താമസിച്ചിരുന്ന ഇരുപതുകാരിയെയാണ് ബുധനാഴ്ച രണ്ട് പേർ ചേർന്ന് തട്ടിക്കൊണ്ടുപോയത്. പെൺകുട്ടി ബലാത്സംഗ ശ്രമത്തെ എതിർത്തപ്പോൾ, രണ്ട് പ്രതികളും ചേർന്ന് യുവതിയുടെ കണ്ണിൽ ആസിഡ് ഒഴിക്കുകയായിരുന്നു. തങ്ങളുടെ ബന്ധുക്കളിൽ ഒരാളെ ഗ്രാമത്തിൽ നിന്ന് രക്ഷപ്പെടാൻ പെൺകുട്ടി സഹായിച്ചെന്ന് ആരോപിച്ചായിരുന്നു ആക്രമണം.

## കിംസ് ഹെൽത്തിൽ കുട്ടികളുടെ വാക്സിനേഷൻ ക്ലിനിക്

തിരുവനന്തപുരം: കിംസ് ഹെൽത്ത് മെഡിക്കൽ സെന്റർ കമലേശ്വരം കുട്ടികളുടെ പ്രതിരോധ കുത്തിവയ്പ്പിനായി വാക്സിനേഷൻ ക്ലിനിക്ക് സംഘടിപ്പിക്കും. ഈ മാസം 27 മുതൽ ഒക്ടോബർ നാല് വരെ രാവിലെ ഒമ്പത് മുതൽ വൈകിട്ട് 5.30 വരെ ക്രമീകരിക്കുന്ന ക്ലിനിക്കിൽ വിദഗ്ധ ഡോക്ടർമാർ നേതൃത്വം നൽകും. രജിസ്ട്രേഷൻ, കൺസൾട്ടേഷൻ, ഭാരം വളർച്ചാഘട്ട നിർണയം ഉൾപ്പെടെയുള്ള പ്രാഥമിക പരിശോധനകൾ സൗജന്യമായിരിക്കും. ബുക്കിങ്ങിനും വിശദവിവരങ്ങൾക്കും 9633999224 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

# കരിപ്പൂർ മയക്കുമരുന്നു വേട്ട: ചോദ്യം ചെയ്യലിനോട് സഹകരിക്കാതെ വിദേശ വനിത

കോഴിക്കോട്: ചോദ്യം ചെയ്യലിനോട് സഹകരിക്കാതെ കരിപ്പൂർ വിമാനത്താവളത്തിൽനിന്നും ഹെറോയിനുമായി പിടിയിലായ വിദേശ വനിത. അന്താരാഷ്ട്ര വിപണിയിൽ 32 കോടി രൂപ വിലമതിക്കുന്ന ഹെറോയിനാണ് ആഫ്രിക്കൻ രാജ്യമായ സാംബിയ സ്വദേശിനി ബിശാലോ സോക്കോയിൽ നിന്നും പിടികൂടിയത്.

അഞ്ചു കിലോഗ്രാം ഹെറോയിനാണ് ഡിആർഐ സംഘം ഇവരിൽനിന്നും പിടികൂടിയത്. ബുധാഴ്ച പുലർച്ചെ 2.25ന് ദോഹയിൽ നിന്നുള്ള ഖത്തർ എയർവേസ് വിമാനത്തിലാണ് ഇവർ കരിപ്പൂരിലെത്തിയത്. ദക്ഷിണാഫ്രിക്കൻ നഗരമായ കേപ് ടൗൺ വഴിയാണ് ഇവർ ദോഹയിലെത്തിയത്. ഇവരുടെ ബാഗേജിനകത്തായിരുന്നു പാക്കറ്റുകളിലാക്കി ഹെറോയിൻ ഒളിപ്പിച്ചത്. മുൻകൂട്ടി വിവരം ലഭിച്ചതിനെ തുടർന്ന് കോഴിക്കോട് നിന്നെത്തിയ ഡിആർഐ സംഘം യുവതിയെ കസ്റ്റഡിയിലെടുത്ത് പരിശോധന നടത്തിയപ്പോഴാണ് ലഹരിമരുന്ന് കണ്ടെത്തിയത്. കോഴിക്കോടുള്ള ഒരു ഏജൻറിനു കൈമാറാനാണ് മയക്കുമരുന്ന് കൊണ്ടുവന്നതെന്ന് യുവതി ചോദ്യം ചെയ്യലിൽ പറഞ്ഞു. ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും വലിയ ലഹരിമരുന്നു വേട്ട നടക്കുന്നത്.




**തിരുവനന്തപുരത്തു നടന്ന കയറ്റുമതിക്കാരുടേയും വ്യവസായികളുടേയും സംഗമം കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു. സിഐഐ ചെയർമാൻ ശ്രീനാഥ് വിഷ്ണു, കെഎസ്ഐഡിസി എംഡി എം ജി രാജമാണിക്യം, സ്പൈസസ് ബോർഡ് സെക്രട്ടറി ഡി സത്യൻ ഐഐഫ്സ്, ചെയർമാൻ എ ജി തങ്കപ്പൻ എന്നിവർ സമീപം.**

# യോഗിയുടെ സ്ത്രീവിരുദ്ധതക്കെതിരെ യുഎഇ രാജകുമാരി

മനാമ : യുപി മുഖ്യമന്ത്രി യോഗി ആദിത്യ നാഥിന്റെ സ്ത്രീവിരുദ്ധ പ്രസ്താവനയെ രൂക്ഷമായി വിമർശിച്ച് യഎഇ രാജകുമാരി ഷെയ്ഖ ഹിന്ദ് ബിന്ദ് ഫൈസൽ അൽ ഖാസിമി. സ്ത്രീകൾ സ്വാതന്ത്ര്യത്തിന് അർഹരല്ലെന്നും അവർ സംരക്ഷിക്കപ്പെടേണ്ടവരാണെന്നുമുള്ള യോഗിയുടെ പ്രസ്താവനയാണ് പ്രതിഷേധത്തിന് കാരണമായത്. സ്ത്രീകൾക്കെതിരെയുള്ള യോഗിയുടെ വാർത്തയുടെ ചിത്രം ട്വിറ്ററിൽ പങ്കുവെച്ചാണ് രാജകുമാരിയുടെ പ്രതിഷേധം.

ആരാണ് ഇയാൾ യോഗി, എങ്ങിനെയാണ് ഇയാൾക്കിത് പറയാൻ പറ്റുന്നത്, ആരാണിയാൾക്ക് വോട്ട് ചെയ്തത് എന്നീ ചോദ്യങ്ങളുമായാണ് ഇവരുടെ ട്വിറ്റർ കുറിപ്പ്. നിമിഷ നേരം കൊണ്ട് ട്വീറ്റ് ട്രെൻഡിങ്ങായി. ബുധനാഴ്ച വൈകീട്ടാണ് ഇവർ ട്വീറ്റ് ചെയ്ത്ത്. ഇന്ത്യൻ സംസ്കാരത്തിലെ സ്ത്രീകൾ എന്ന പേരിൽ യോഗി 2014 ലോ മറ്റോ തന്റെ വെബ്സൈറ്റിൽ എഴുതിയ ലേഖനമാണിത്. 2017 മുതലാണ് ഇത് ചർച്ചയാകാൻ തുടങ്ങിയത്. കടുത്ത സ്ത്രീവിരുദ്ധ നിലപാടകളാണ് ഈ ലേഖനം മുഴുവൻ. ജനനം മുതൽ മരണം വരെ സ്ത്രീകൾക്ക് പുരുഷ സംരക്ഷണം ആവശ്യമാണെന്നും അവരുടെ ഊർജ്ജം/ശക്തി നിയന്ത്രിക്കപ്പെടുകയോ നിയന്ത്രിക്കുകയോ ചെയ്യേണ്ടതുണ്ടെന്നും യോഗി വാദിക്കുന്നു. നിയന്ത്രിത സ്ത്രീ ശക്തി മാത്രമേ മഹാന്മാരുടെ ജനനവും വളർത്തലും പ്രോത്സാഹിപ്പിക്കുകയുള്ളൂ. ഫെമിനിസത്തെക്കുറിച്ചുള്ള പാശ്ചാത്യ സങ്കൽപ്പം ഇന്ത്യയുടെ സാമൂഹിക ക്രമത്തിന് ഭീഷണിയായേക്കുമെന്ന മുന്നറിയിപ്പും യോഗി നൽകുന്നു.

സോഷ്യൽ മീഡിയായിലും സാമൂഹ്യ രംഗത്തും നിരന്തരം ഇടപെടുന്ന വ്യക്തിയാണ് ഷാർജ രാജ കുടുംബാംഗമായ ഹിന്ദ്. യുഎഇലെ സംഘപരിവാർ അനുകൂലികളായ ചില ഇന്ത്യൻ പ്രവാസികൾ സോഷ്യൽ മീഡിയായിൽ നടത്തിയ അന്യമത വിദ്വേശത്തിനെതിരെയും ബിജെപി എംപി തേജസ്വി സൂര്യയുടെ അറബ് സ്ത്രീകൾക്കെതിരായ ലൈംഗികമായി അധിക്ഷേപത്തിനെതിരെയും കടുത്ത ഭാഷയിൽ ഇവർ രംഗത്ത് വന്നിരുന്നു. അറിയപ്പെടുന്ന സംഭരകയായ ഇവർ മാധ്യമ പ്രവർത്തകയും എഴുത്തുകാരിയും കൂടിയാണ്.

## സൗജന്യ കൗൺസലിംഗ്

എൽ ബി എസ്സ് സെന്ററിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പൂജപ്പുര സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസെബിലിറ്റി സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ കുട്ടികളിൽ ഉണ്ടാകുന്ന ശ്രദ്ധക്കുറവ്, അമിതാവേശം, സംസാര വൈകല്യം, പഠന വൈകല്യം, ആഹാര ക്രമീകരണം, കരിയർ കൗൺസലിംഗ് എന്നീ വിഷയങ്ങളിൽ സൗജന്യ കൗൺസലിംഗ് സംഘടിപ്പിക്കും. താൽപര്യമുള്ള രക്ഷാകർത്താക്കൾ സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് സെന്ററുമായി (പൂജപ്പുര, തിരുവനപുരം 695012) ബന്ധപ്പെട്ട് പേർ രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്:0471 2345627, 9539058139.

## പട്ടം ഡയറി ഫാമിൽ പാൽ, വെള്ളം, കാലിത്തീറ്റ എന്നിവയുടെ ഗുണമേന്മ പരിശോധിച്ചറിയാം

തിരുവനന്തപുരം: പട്ടം സ്റ്റേറ്റ് ഡയറി ഫാമിൽ പാൽ, വെള്ളം, കാലിത്തീറ്റ എന്നിവയുടെ ഗുണമേന്മ പരിശോധന ക്ഷീര വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം പട്ടത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലബോറട്ടറിയിൽ പാൽ, വെള്ളം, കാലിത്തീറ്റ എന്നിവയുടെ ഗുണമേന്മ സംബന്ധിച്ച വിവിധ പരിശോധനകൾ നടത്തുവാനും കാലിബ്രേഷൻ നടത്തുന്നതിനും സൗകര്യം ലഭ്യമാണ്. നിശ്ചിത ഫീസ് ഒടുക്കി കർഷകർക്കും പൊതുജനങ്ങൾക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി സ്റ്റേറ്റ് ഡയറി ലബോറട്ടറി പബ്ലിക് റിലേഷൻസ് ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 04712440074.

# ആഗോള വാണിജ്യ രംഗത്ത് ഇന്ത്യയെ മുൻനിരയിലെത്തിക്കുമെന്ന് കേന്ദ്രമന്ത്രി വി. മുരളീധരൻ

തിരുവനന്തപുരം: കോവിഡ് 19ന്റെ വെല്ലുവിളിയെ അതിജീവിച്ചും ആഗോളവാണിജ്യ രംഗത്ത് രാജ്യം സ്വാശ്രയത്വവും നേതൃപദവിയും കൈവരിക്കാൻ ലക്ഷ്യമിടുകയാണെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻ പറഞ്ഞു. തിരുവനന്തപുരത്ത് സംഘടിപ്പിച്ച കേന്ദ്ര വാണിജ്യ മന്ത്രാലയം സ്പൈസസ് ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ച് സംഘടിപ്പിച്ച കയറ്റുമതിക്കാരുടേയും വ്യവസായികളുടേയും സംഗമം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മന്ത്രി. ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുക, ലോകത്തിനു വേണ്ടി ഉൽപ്പാദിപ്പിക്കുക എന്ന പ്രധാനമന്ത്രിയുടെ വ്യവസായ, വാണിജ്യ പ്രവർത്തനങ്ങൾ എളുപ്പവും കാര്യക്ഷമവുമാക്കാൻ കൂടുതൽ പരിഷ്കാരങ്ങൾ കൊണ്ടുവരാനും കേന്ദ്രസർക്കാർ ആലോചിക്കുന്നുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതി സുഗമമാക്കാൻ വാണിജ്യവകുപ്പ് ഒട്ടേറെ പദ്ധതികൾ നടപ്പാക്കിയിരുന്നു. 202122 വർഷം ചരക്ക് കയറ്റുമതി 400 ബില്യൺ ഡോളർ കടത്താനും ലക്ഷ്യമിട്ടിട്ടുണ്ട്. വിദേശകാര്യ മന്ത്രാലയത്തിനു കീഴിൽ വിവിധ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ഇന്ത്യയുടെ നയതന്ത്ര കാര്യാലയങ്ങളും വാണിജ്യ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾക്ക് പിന്തുണയേകുന്നു.

കൊച്ചിയിൽ ഈയാഴ്ചയുടെ ആരംഭത്തിൽ തുടക്കമായ വാണിജ്യ സപ്താഹ് വാരാഘോഷത്തിന്റെ ഭാഗമായാണ് തിരുവനന്തപുരത്തും കയറ്റുമതിക്കാരുടേയും വ്യവസായികളുടേയും സംഗമം സംഘടിപ്പിച്ചത്. കേന്ദ്ര, സംസ്ഥാന മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ, വ്യവസായ പ്രമുഖർ തുടങ്ങിയവർ പരിപാടികളിൽ പങ്കെടുത്തു.

വ്യവസായ നിക്ഷേപങ്ങൾ ആകർഷിക്കും വിധം സംസ്ഥാനത്തെ ഊർജസ്വലവും കാര്യക്ഷമവുമായ ഒരിടമാക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നതെന്ന് കോൺക്ലേവിൽ സംസാരിച്ച നിയമസഭാ സ്പീക്കർ എം ബി രാജേഷ് പറഞ്ഞു. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തുന്നതും പരിസ്ഥിതി സൗഹാർദവും നിലനിൽക്കത്തക്കതും തൊഴിൽഅവസരങ്ങൾ ലഭ്യമാക്കുന്നതുമായ സാമ്പത്തികവളർച്ചയാണ് കേരളം ആഗ്രഹിക്കുന്നത്.

പ്രാദേശികമായ പ്രകൃതി സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി കേരളത്തെ മികച്ച ഒരു വ്യവസായകേന്ദ്രമാക്കി മാറ്റിത്തീർക്കുമെന്ന് ചടങ്ങിൽ സംസാരിച്ച സംസ്ഥാന വ്യവസായമന്ത്രി പി രാജീവ് പറഞ്ഞു. വ്യവസായങ്ങളെ പിന്തുണയ്ക്കുന്നതിനായി സർക്കാർ ഒരു പരാതി പരിഹാര സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ഇത് സമയബന്ധിതമായി പ്രവർത്തിക്കുമെന്ന് ഉറപ്പുവരുത്തും. കാലഹരണപ്പെട്ട നിയമങ്ങൾ മാറ്റുകയോ പരിഷ്കരിക്കുകയോ ചെയ്യും. ഭൂവിനിയോഗം മികച്ച രീതിയിലാക്കും, ഭൂമി ലീസ് ചെയ്യുന്നതിനുള്ള ചട്ടങ്ങൾ ലളിതമാക്കും, രാജീവ് പറഞ്ഞു.

വ്യവസായങ്ങളുടെ സുഗമമായ നടത്തിപ്പിനും വളർച്ചയ്ക്കും സംസ്ഥാന വ്യവസായ വകുപ്പ് നടപ്പാക്കിയ കാര്യങ്ങൾ എക്സ്പോർട്ട് കമ്മീഷണറും വ്യവസായ, വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായ ഡോ. ഇ. ഇളങ്കോവൻ വിശദീകരിച്ചു. കേരളത്തിന്റെ സാമൂഹിക പുരോതിയെ സാമ്പത്തികപുരോഗതിയാക്കി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. മാനവവിഭവശേഷി അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ, അടിസ്ഥാനസൗകര്യ വികസനം, എംഎസ്എംഇകളെ പ്രോത്സാഹിപ്പിക്കൽ, സംരഭത്വ വികസനം, പുതിയ പ്രാവീണ്യങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകുമെന്നും അദ്ദേഹം പറഞ്ഞു.

സുഗന്ധവ്യഞ്ജന കയറ്റുമതിയിൽ കേരളത്തിന് ആഗോളതലത്തിൽത്തന്നെ ഒരു പ്രമുഖ സ്ഥാനമുണ്ടെന്നും ഇത് കണക്കിലെടുത്ത് നമ്മുടെ സുഗന്ധവ്യഞ്ജനങ്ങളുടെ ഗുണനിലാവാരം വർധിപ്പിക്കാൻ മികച്ച കൃഷി, സംസ്കരണരീതികൾ നടപ്പാക്കുമെന്നും മുഖ്യപ്രഭാഷണം നിർവഹിച്ച സ്പൈസസ് ബോർഡ് ചെയർമാൻ എ ജി തങ്കപ്പൻ പറഞ്ഞു.

# കൊൽക്കത്ത അട്ടിമറി ; മുംബൈയെ ഏഴ് വിക്കറ്റിന് തോൽപ്പിച്ചു

ദുബായ് : രണ്ടാം ഐപിഎൽ മത്സരത്തിനിറങ്ങിയ വെങ്കിടേഷ് അയ്യർക്കൊപ്പം രാഹുൽ ത്രിപാഠിയും തകർപ്പൻ അർധ സെഞ്ചുറി നേടിയപ്പോൾ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് ഗംഭീരജയം. ചാമ്പ്യൻമാരായ മുംബൈ ഇന്ത്യൻസിന് ഏഴ് വിക്കറ്റിന്റെ അവിശ്വസനീയ തോൽവി. സ്കോർ: മുംബൈ 6 155, കൊൽക്കത്ത 3 159.

ത്രിപാഠി 42 പന്തിൽ 74 റണ്ണുമായി പുറത്താകാതെ നിന്നു. എട്ട് ഫോറും മൂന്ന് സിക്സറും പറത്തി. മധ്യപ്രദേശിൽനിന്നുള്ള യുവ ഓപ്പണർ അയ്യർ 30 പന്തിൽ 53 റണ്ണെടുത്തു. നാല് ഫോറും മൂന്ന് സിക്സറും. ശുഭ്മാൻ ഗിൽ (13) പുറത്തായശേഷം എത്തിയ ത്രിപാഠി അയ്യർക്ക് നല്ല കൂട്ടായി. ഇരുവരും ട്രെന്റ് ബോൾട്ടിനെയും ജസ്പ്രീത് ബുമ്രയെയും പേടിയില്ലാതെ നേരിട്ടു. രണ്ടാം വിക്കറ്റിൽ ഇവർ 88 റൺ നേടി. ക്യാപ്റ്റൻ ഇയോവിൻ മോർഗൻ ഏഴ് റണ്ണെടുത്തു. മൂന്ന് വിക്കറ്റും ബുമ്രയ്ക്കാണ്.

ടോസ് നഷ്ടപ്പെട്ട് ബാറ്റ് ചെയ്ത മുംബൈയ്ക്ക് വിക്കറ്റ്കീപ്പർ കിന്റൺ ഡീകോക്ക് (42 പന്തിൽ 55) തുണയായി. പരിക്കിനുശേഷം തിരിച്ചെത്തിയ ക്യാപ്റ്റൻ രോഹിത് ശർമ 30 പന്തിൽ 33 റണ്ണെടിച്ച് പുറത്തായി. അതിനിടെ കൊൽക്കത്തയ്ക്കെതിരെ 1000 റണ്ണെന്ന നേട്ടം കൈവരിച്ചു. ഐപിഎല്ലിൽ ഒരു ടീമിനെതിരെ 1000 റണ്ണടിച്ച ആദ്യ കളിക്കാരനാണ്.

സൂര്യകുമാർ യാദവും (5) ഇഷാൻ കിഷനും (14) വേഗം മടങ്ങി. കീറൻ പൊള്ളാർഡും (21), ക്രുണാൽ പാണ്ഡ്യയും (12) ചേർന്നെടുത്ത 30 റണ്ണാണ് സ്കോർ 150 കടത്തിയത്. പ്രസിദ്ധ് കൃഷ്ണയും ലോക്കി ഫെർഗൂസനും രണ്ടു വിക്കറ്റുവീതം നേടി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.